90 - 91



# Christ '91

*Welcome to the New Principal*



Rev.Fr. Thomas Achandy

*Best compliments from:-*

## M. C. Johnson & Sons

DISTRIBUTORS OF:

**Tata Oil mills Co. Ltd.**

**Pond's (India) Ltd.**

**Wipro Ltd.**

**Phone: 3160, 2004**

## J. N. Traders

**Gen. Merchants**

**TANA, IRINJALAKUDA**

**Phone: 3160, 2004**

---

ആശംസകളോടെ!

"വിശ്വസ്തതക്കൊരു പുതിയ നാമം"

## അക്ഷയ ജ്വല്ലേഴ്സ്

ഗവ. ആശുപത്രിക്കു മുൻവശം,

ഠാണാ - ഇരിങ്ങാലക്കുട

---

## IRINJALAKUDA CO-OPERATIVE AGRICULTURAL DEVELOPMENT BANK

**LTD: No: R. 312 IRINJALAKUDA**

Phone :-

Branches:- Irinjalakuda 2581 Chalakudy 2384 Kodungallur 2668

Kodakara 418 Mala

Paid up sharecapital - 110.43 lakhs

Loan outstanding - 1277.04 ,,

Divident - 10%

Area of operation - Mukundapuram & Kodungallur Taluks

A. C. S. Warrier
President

P. Sankaran
Secretary



Final MSc. Zoology



Final B.Com



N.S.S.



Final BSc Physics



Final B.A. Economics



Final BSc. Maths



M.A. Economics



Final BSc. Chemistr



## *Fr. Jose Stephen, Commitment Incarnate*

*Six years back the Manager of Christ College was searching for the right person to be at the helm of affairs in Christ. The mantle fell on Rev. Fr. Jose Stephen, one of the eminent professors of the Chemistry Department. Fr. Jose Stephen was heart and soul for the preservation of the glorious tradition of Christ. He showed his mettle as Principal by abolishing the shift system, the curse of the Campus. The pioneer in him came out when he designed a prestigious new course of U.G.C., B. Sc. in Physical Education and managed to get it set up in Christ through his arduous attempts. It was nothing but the heroic in him that made it possible for him to refurnish the Library with special saloons for both students and staff. The introduction of a Computer Centre in the Campus speaks of the adventurous in Fr. Jose Stephen. The miraculous of all is still to be explored: The peace and serenity in the hostels, all these six years and the last three years in a special way, the pruning of the Junior Hostel and its resurgence and resurrection with all the vitalities and freshness of the new blooms. The blend of sense and sensibility in him came out to do the right thing at the right time. He came and he conquered in the real sense of the term. To a casual observer there was nothing glittering; but to a careful onlooker with only an average calibre Fr. Stephen was indeed a catalyst in the Campus. How could he achieve this much of maddening marvel which might be the product of a mighty mind? Fr. Stephen realized the importance of innovative and impactful Campus ministry. He took up daring steps to organize renewal programmes and exposure camps for both students and staff. In the last year of his service as Principal, he saw to it that four refreshing programmes for the staff members and more than ten for the students were worked out. It was really a herculean task that he performed. After the successful completion of dedicated service of a term of six years as Principal, he has been reverted to the Chemistry department as a full time Professor. Fr. Jose Stephen can be rightly called* **commitment incarnate** *for the cause of Christ. Thank you, Fr. Jose Stephen, we are really happy that you are generous enough to grace us with your continued presence and availability as an experienced Professor in Chemistry Department.*

**യു. ജി. സി. ഇന്ത്യയിലെ ഏററവും നല്ല കോളേജായി തിരഞ്ഞെടുത്തിട്ടുള്ള ക്രൈസ്ററ് കോളേജിൻെറ സ്ഥാപനത്തിനും, വളർച്ചക്കും ചുക്കാൻ പിടിച്ചിട്ടുള്ള ഫാ. ഗബ്രിയേൽ തൻെറ ഓർമ്മകൾ ഒരു ഇൻറർവ്യൂ വിലൂടെ മാഗസിൻ എഡിററർ എബി പോൾ പുല്ലനും ജനറൽ സെക്രട്ടറി കെ. ജെ. ജെയ്സനുമായി പങ്കുവെക്കുന്നു.**



1914 ഡിസ. 14ന്
ചിറമ്മൽ കുടുംബത്തിൽ
പാവു-കുഞ്ഞില ദമ്പതികളുടെ
രണ്ടാമത്തെ മകനായി ജനിച്ച്
1942 മെയ് 30ന് സി. എം. ഐ.
സഭയിൽ വൈദികപട്ടം സ്വീകരിച്ച
അദ്ദേഹം ഉന്നത പഠനത്തിനുശേഷം
1949ൽ ജന്തുശാസ്ത്രത്തിൽ ഓണേഴ്സ്
ബിരുദം സമ്പാദിക്കുകയും ചെയ്തു. 75 കഴിഞ്ഞിട്ടും
അനാരോഗ്യത്തെയും, പ്രായക്കൂടുതലിനെയും വകവെക്കാതെ
അദ്ദേഹം തൻെറ പ്രവർത്തനം തുടരുന്നു. തൃശൂരിലെ ലോക
പ്രശസ്തിയാർജ്ജിച്ച അമല കാൻസർ ഇൻസ്ററിററ്യൂട്ടിൻെറ മേൽനോട്ടം
വഹിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ

# ● ഇൻറർവ്യൂ ●

**1. ക്രൈസ്ററ് കോളേജ് ഇരിങ്ങാലക്കുടയിൽ വരാനുണ്ടായ പശ്ചാത്തലം എന്തായിരുന്നു?**

A. പ്രധാനമായും രണ്ടു കാരണങ്ങളാണുണ്ടായിരുന്നത്. ഒന്ന് 1953 ൽ 3 പ്രോവിൻസുകളായി വിഭജിക്കപ്പെട്ട C. M. I. സഭയിലെ തൃശൂർ കേന്ദ്രീകരിച്ചുള്ള ദേവമാതാ പ്രോവിൻസിന് ഒരു കോളേജ് വേണമെന്ന ശക്തമായ ആഗ്രഹം. രണ്ടാമതായി അതിന് എല്ലാ ഘടകങ്ങളും ഒത്തിണങ്ങി വന്നത് ഇരിങ്ങാലക്കുടയിലായിരുന്നു.

**2. ഗബ്രിയേലച്ചൻ ഈ കോളേജിൻെറ സ്ഥാപനപ്രക്രിയയിൽ മുഖ്യ പങ്കുവഹിക്കാൻ ഇടയായത്?**

A. ഞാനും പരേതനായ FR. ദിസ്മാസും അന്ന് തേവര S. H. കോളേജിൽ പഠിപ്പിക്കുകയായിരുന്നു. പ്രോവിൻസ് വിഭജനത്തെ തുടർന്ന് അദ്ദേഹം തിരിച്ചുപോന്നെങ്കിലും ഞാൻ അധികൃതരുടെ നിർബന്ധം മൂലം സുവോളജി ഡിപ്പാ. ഹെഡ് ആയി അവിടെതന്നെ തുടർന്നു. ദേവമാതാ പ്രോവിൻസിൽ ഒരു കോളേജ് വേണമെന്ന ആഗ്രഹം ശക്തിപ്പെട്ട അവസരത്തിൽ പ്രൊഫ. എം. വി. വർഗീസ് ഇരിങ്ങാലക്കുടക്കാരനായ കെ. പി. ജോണിനെ എനിക്കു പരിചയപ്പെടുത്തി. പിന്നീട് കെ. എൽ. ഫ്രാൻസീസിനെയും പരിചയപ്പെടാനിടയായി. അവിടുന്നാണ് ഒരു കോളേജ് എന്ന ആഗ്രഹ സാക്ഷാത്കാരത്തിനു തുടക്കം കുറിക്കുന്നത്.

**3. കോളേജിനും, കാമ്പസിനുമായ ഇത്രയും സ്ഥലം എങ്ങിനെ തിരഞ്ഞെടുത്തു?**

A. ദേവമാതാ പ്രോവിൻസിൽ മൂന്നു സ്ഥലങ്ങളാണു നിർദ്ദേശിക്കപ്പെട്ടത്. ചാലക്കുടി, കുന്നംകുളം, ഇരിങ്ങാലക്കുട.

**4. എങ്ങിനെ ഇരിങ്ങാലക്കുട മററു സ്ഥലങ്ങളേക്കാൾ പ്രാധാന്യമുള്ളതായി?**

A. ചാലക്കുടിയിലും, കുന്നുംകുളത്തും നാട്ടുകാരിൽ നിന്നും കാര്യമായ സഹകരണമോ, കോളേജ് വേണമെന്ന അഭിനിവേശമോ, വാശിയോ ഒന്നും കണ്ടില്ല. "അച്ചൻ കോളേജ് നടത്തിയാൽ പിള്ളേരെ വിടാം" എന്ന മനോഭാവം. എന്നാൽ ഇരിങ്ങാലക്കുടയിൽ നല്ല സ്വീകരണമായിരുന്നു, സഹകരണം വാഗ്ദാനം ചെയ്ത് പലരും മുന്നോട്ടുവന്നു. കെ. പി. ജോണിലൂടെയും കെ. എൽ. ഫ്രാൻസിസിലൂടെയും ജനവികാരം മനസിലാക്കാൻ

കഴിഞ്ഞു.

**5. ഇരിങ്ങാലക്കുടക്കാർക്കെന്തേ ഇങ്ങനെ തോന്നാൻ?**

A. എനിക്കു തോന്നിയത് അവരുടെ ബിസിനസ് മൈൻഡ് ആണെന്നാണ്. അതായത് ഒരു കോളേജ്‌വന്നാൽ തങ്ങളുടെ കുട്ടികളെ ഇപ്പോഠം പഠിപ്പിക്കുന്നതിൻെറ നാലിലൊന്നു ചിലവിനു നാട്ടിൽ പഠിപ്പിക്കാം. പിന്നെ തങ്ങളുടെ നാടുവളരും. ബിസിനസ് പുരോഗമിക്കും എന്ന ചിന്ത അവർ ത്യാഗങ്ങഠം സഹിക്കാൻ തയ്യാറായി.

**6, പ്രാരംഭഘട്ട പ്രവർത്തനങ്ങൾ എങ്ങനെയായിരുന്നു.**

A. അന്നത്തെ Provincial ആയിരുന്ന Fr, clement വളരെ താൽപര്യമെടുത്തു അതിനെ തുടർന്നു നാട്ടുകാരുടെ കമ്മിററിവിളിച്ചുകൂട്ടി. നാട്ടുകാരിൽനിന്ന് 50 ഏക്കർസ്ഥലവും 10,000 രൂപയും പിരിച്ചു നൽകണമെന്ന ഉപാധിയിൽ പണിതുടങ്ങി. എന്നാൽ ഈ ഭാരിച്ച തുക സമാഹരിക്കുവാൻ ബുദ്ധിമുട്ടായപ്പോഠം പണിയും മന്ദഗതിയിലായി.

**7. എങ്ങിനെ ഈ പ്രതിബന്ധങ്ങൾ തരണം ചെയ്തു?**

A. ഞാൻ പുതിയൊരു തന്ത്രം ആവിഷ്ക്കരിച്ചു. അന്ന് പുല്ലൂര് സഭ വിദ്യഭ്യാസപരമായ നിർമ്മാണപ്രവർത്തനങ്ങഠം നടത്തുവാൻ പരിപാടികഠം ആവിഷ്ക്കരിച്ചു വരികയായിരുന്നു. ഈ അവസരത്തിൽ പുല്ലൂരിനേക്കാഠം പട്ടണപ്രദേശമായ ഇരിങ്ങാലക്കുടയിൽ 10 ഏക്കർ സ്ഥലവും 10000 രൂപയും നൽകാമെന്നും ഇഷ്ടമുള്ള വിദ്യഭ്യാസസ്ഥാപനം തുടങ്ങിയാൽ മതിയെന്നും നാട്ടുകാരെക്കൊണ്ട് പ്രോവിൻസിലേക്ക് ഒരു നിവേദനം വെച്ചു, അത് നിരസിക്കാൻ കൗൺസിലിനു കഴിഞ്ഞില്ല. ഫാ. ക്ലെമെൻറിൻെറ പ്രത്യേക താത്പര്യത്തിൽ അതു പാസ്സാക്കപ്പെട്ടു.

**8. ആദ്യ കമ്മിററിയും പ്രവർത്തനവും എന്തായിരുന്നു?**

A. അഡ്വ. രാമകൃഷ്ണൻ പ്രസിഡൻറും, കെ. എൽ. ഫ്രാൻസിസ് സെക്രട്ടറിയുമായി ഒരു ആറംഗ വർക്കിംഗ് കമ്മിററി രൂപീകരിച്ച് നാട്ടുകാരിൽ നിന്നു പണംപിരിക്കാൻ തീരുമാനിച്ചു.

Gram; "NARAYANCO"
G. S. T. IS 2501 - 0249
C. S. T. 2501 - 5249
F. G. L. No. 361
SUGAR LICENCE NO. 2

PHONE:
SHOP 2427
BRANCH 2688
RES. 2527

**N. V. NARAYANAN & CO.,**
GENERAL MERCHANT & COMMISSION AGENT
MARKET ROAD, POST BOX NO. 10
IRINJALAKUDA - 680 121
KERALA STATE

With best compliments:

IRS COMPUTER SERVICES
**"Alex Executive Centre", Naduvilal, Trichur - 680 001**
Phone 25560, 40037 Telex 887 248 ALEX IN

*With best Compliments from*

Phone No. 2706

**Popular Charities**
**The Syndicate Chit Funds Ltd:**
**Cochin Commercial Syndicate Ltd,**
**Tana - Irinjalakuda.**

*Best Compliments From:*

CHAKOLAS KANCHEEVAR
TOWN HALL ROAD
TRICHUR

**9. പുറത്തുനിന്നു സഹായങ്ങളോ ഗ്രാൻറുകളോ നേടാൻ ശ്രമിച്ചില്ലേ?**

A. അത് എൻെറ ഒരു ഫിലോസഫി ആയിരുന്നു. എന്ത് പ്രവൃത്തി ചെയ്താലും ജനങ്ങളുടെ ത്യാഗമുണ്ടെങ്കിലേ അവർക്കു ആഗ്രഹമുണ്ടാകൂ. ജനങ്ങളുടെ ആവശ്യങ്ങാം – അവരുടെ ത്യാഗം – ഓരോ നിർമ്മാണഘട്ടത്തിലും ഇതു ശ്രദ്ധിച്ചിരുന്നു.

**10. ശ്രമഫലമായി എത്രരൂപയും സ്ഥലവും സമാഹരിച്ചു?**

A. ഏകദേശം 60000 രൂപയും 60 ഏക്കർ സ്ഥലവും ലഭിച്ചു. മുനിസിപ്പാലിററിയുടെയും, പൊതു ശ്മശാനത്തിൻെറയുമൊക്കെ സ്ഥലങ്ങളും മററും ഒരുമിച്ചുകൂട്ടി അകപയർ ചെയ്യാൻ അല്പം ബുദ്ധിമുട്ടേണ്ടിവന്നു.

**11. ഗവൺമെൻററ് യൂണിവേഴ്സിററിതലങ്ങളിൽനിന്ന് എന്തായിരുന്നു പ്രഥമപ്രതികരണം?**

A. അന്നൊക്കെ കോളേജുകാംക്കു അനുവാദം കിട്ടുക ബുദ്ധിമുട്ടായിരുന്നു. കാരണം കോളേജുകാം അത്യാവശ്യസ്ഥാപനങ്ങളല്ല എന്നതുതന്നെ. പിന്നെ ട്രാവൻകൂർ യൂണിയനിൽ അപേക്ഷ നൽകി കോളേജിൻെറ ആവശ്യം അവരെ ധരിപ്പിച്ചു. അന്നത്തെ യൂ. സി. രാമസ്വാമി മുതലിയാരുടെ താത്പര്യത്തിൽ അതു പാസ്സാക്കി.

**12. അന്ന് കോളേജ് ആരംഭിക്കുമ്പോൾ ഇവിടത്തെ വിദ്യാഭ്യാസകാലാവസ്ഥ എന്തായിരുന്നു?**

A. മുകുന്ദപുരം താലൂക്കിൽ ഇന്നുള്ള കോളേജുകളിൽ ഏററവും ആദ്യത്തേതാണ് ക്രൈസ്ററ് കോളേജ് അന്ന് ഉന്നത വിദ്യഭ്യാസത്തിന് തൃശൂരോ, തേവരയോ പോയി പഠിക്കേണ്ട അവസ്ഥയായിരുന്നു.

**13. ആദ്യ ബാച്ചുകൾ എന്തൊക്കെയായിരുന്നു?.**

A. ഒരു ഡിഗ്രി കോളേജ് ആയിട്ടാണ് തുടക്കത്തിൽ തന്നെ നമുക്ക് അനുവദിച്ചത്. പകഷെ ആദ്യബാച്ചിൽ പ്രീഡിഗ്രി മാത്രമെ തുടങ്ങിയുള്ളു. 244 വിദ്യാർത്ഥികളുമായി 3 ഡിവിഷനുകാം ആരംഭിച്ചു.



ആയുധങ്ങൾ കൊണ്ട് അവർക്കെന്നെ
നിശ്ശബ്ദനാക്കാൻ കഴിഞ്ഞേക്കും
പക്ഷെ.................
കറപുരളാത്ത, നിഷ്കളങ്കമായ
നിങ്ങളുടെ
മനഃസാക്ഷിയുടെ സിംഹാസനത്തിൽ
നിന്നും അവർക്കെന്നെ
വേർപ്പെടുത്താനാകുമൊ.......?

**14. ആദ്യ നാൾമുതൽ അങ്ങ് പ്രിൻസിപ്പലായിരുന്നല്ലോ? തുടർന്നുള്ള പ്രവർത്തനങ്ങളെങ്ങനെയായിരുന്നു?**

A. 1956 മുതൽ ഏകദേശം 19 വർഷത്തോളം ഞാൻ പ്രിൻസിപ്പലായിരുന്നു. 1957 ജൂണിലാണ് ഡിഗ്രി കോഴ്സ് ആരംഭിച്ചത്. ഒക്ടോബറിലാണ് ഔദ്യോഗിക ഉൽഘാടനം നടന്നത്, ആദ്യ ബാച്ചിൽ 180 വിദ്യാർത്ഥികളാണുണ്ടായിരുന്നത്. പിന്നീട് ഡിഗ്രികോഴ്സുകൾ കെമിസ്ട്രി, സുവോളജി, ബി. കോം. ബി. എ ഇക്കണോമിക്സ് എന്നിവ തുടങ്ങി. കേരളത്തിലാദ്യമായി എം. കോം. തുടങ്ങിയതും നമ്മളാണെന്നു തോന്നുന്നു.

**15. തുടക്കത്തിൽ തന്നെ ഇത്രയും കെട്ടിടങ്ങൾ പണിതീർന്നിരുന്നോ?**

A. ഇല്ല 57– ൽ Main Block മാത്രമെ ഉണ്ടായിരുന്നുള്ളു. പിന്നീട് Jr. Hostel, ആശ്രമ മന്ദിരം എന്നിവ പണിതു. തുടർന്നാണ് ലൈബ്രറി, P. G. Block, hobmnly workshop തുടങ്ങിയവ പണിതത്. എല്ലാം തന്നെ Uty ഗ്രാൻറ് ലഭിക്കുകയുണ്ടായി. ജനങ്ങളും സഹകരിച്ചു. ശ്രീ തളിയൻ ഔസേപ്പാണ് ആ Christ പ്രതിമ സംഭാവന ചെയ്തത്.

**16. അച്ചൻെറ ആദ്യകാല അനുഭവം എന്തായിരുന്നു?**

A. വിദ്യാർത്ഥികളും അധ്യാപകരുമായി നല്ല ബന്ധമായിരുന്നു, ഓരോ കാര്യങ്ങളും വിദ്യാർത്ഥികളോടും ആധ്യാപകരോടും ആലോചിച്ചാണ് ചെയ്തിരുന്നത് കാര്യമായ സമരങ്ങളോ ബഹളങ്ങളോ എൻെറ കാലത്ത് ഉണ്ടായിട്ടില്ല. കുട്ടികൾക്കുവേണ്ടി ഓരോ കാര്യത്തിലും നിലകൊണ്ടിരുന്നതു കൊണ്ടാണ്.

**17. ആദ്യകാല കോളേജ് യൂണിയൻ എങ്ങനെയായിരുന്നു?**

A. ആദ്യത്തെ 15 വർഷം നമ്മുടെ കോളേജിൽ ഒരു പ്രത്യേക സംവിധാനമായിരുന്നു. പ്രിൻസിപ്പാൾ, ബർസാർ, ഡിപ്പാ;തലവന്മാർ, അസോസിയേഷൻ ഭാരവാഹികൾ അടങ്ങുന്നതായിരുന്നു കോളേജ് എക്സിക്യുട്ടീവ്. അതിൽനിന്നാണ് ചെയർമാനേയും മററും തെരഞ്ഞെടുക്കുക. അധ്യാപകർക്കും, വിദ്യാർത്ഥികൾക്കും പ്രാതിനിധ്യമുണ്ടായിരുന്നു ഈ സംവിധാനത്തിൽ.

**18. അന്ന് എന്തെല്ലാമാണ് വിദ്യാർത്ഥികൾക്കു വേണ്ടി ചെയ്തിട്ടുള്ളത്?**

A. നമ്മുടെ ഗാർഡൻ, പക്ഷിമൃഗ സംരക്ഷണം മററു സംവിധനങ്ങൾ ഒക്കെ യൂണിവേഴ്സിററിപോലും അതിശയത്തോടെയാണു വീക്ഷിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ Uty ഗ്രാൻറുകൾ ലഭിക്കാൻ പ്രയാസമുണ്ടായിരുന്നില്ല. പിന്നെ അന്ന് എല്ലാ ദിവസവും ഓഡിറേറാറിയത്തിൽ ഫിലിം പ്രദർശനമുണ്ടായിരുന്നു. വിദ്യാർത്ഥികൾക്ക് ടൂർ പോകുവാൻ 50% കോളേജിൽ നിന്നും നൽകിയിരുന്നു.

**19. കലാകായിക രംഗങ്ങളിൽ നാം എങ്ങനെയുണ്ടായിരുന്നു.**

A. തുടങ്ങിയ വർഷം മുതൽ നാം അജയ്യത തെളിയിച്ചിട്ടുണ്ട്. ഫുട്ബോളിൽ തുടർച്ചയായി നമ്മളായിരുന്നു അജേതാക്കൾ. കലാരംഗത്തേക്ക് വൈകിയാണ് വന്നതെങ്കിലും പെട്ടെന്ന് ഉയരങ്ങളിലെത്താൻ നമുക്കായി. നല്ല കഴിവുള്ള വിദ്യാർത്ഥികൾ ധാരാളമുണ്ടായിരുന്നു.

ഇനി അല്പം പുറത്തേക്കുകടക്കാം. വ്യാപരിച്ച മേഖലകളിലൊക്കെത്തന്നെ പ്രകാശം പരത്തിയ അച്ചനോടു ഞങ്ങൾ ചോദിച്ചു,

**20. "ആ കാലഘട്ടവും, ഇന്നും തമ്മിലുള്ള പ്രകടമായ വ്യത്യാസം കാണുന്നതെവിടെയാണ്?**

A. അച്ചൻ പെട്ടന്നു മറുപടി പറഞ്ഞു "മൂല്യതകർച്ച അല്പം ചിന്തിച്ചിട്ട് അദ്ദേഹം തുടർന്നു. മുകൾത്തട്ടിലുള്ള അഴിമതി. അതിൻെറ പ്രതിഫലനം ഏററവും അടിത്തട്ടുവരെ അന്നെത്തിനിൽക്കുന്നു. കൈക്കൂലി ദേശസാൽക്കരിച്ചിരിക്കുന്നു"

**21. ഈയൊരവസരത്തിൽ വിദ്യാഭ്യാസത്തിൻെറ പ്രസക്തിയെന്താണ്?**

A. 1956 മുതൽ തുടർച്ചയായി സർവ്വകലാശാല സെനററുകളിലും, സിൻഡിക്കേററുകളിലും അംഗമായിരുന്ന അച്ചൻ കാർക്കശ്യത്തോടെ പറഞ്ഞു ഈ ദുസ്തിതിയുടെ മോചന മാർഗമാകണം വിദ്യാഭ്യാസം എന്നാൽ ഇന്ന് അതിൽ പോലും അഴിമതിയും ആത്മാർത്ഥത കുറവും കറപുരട്ടിയുരിക്കുന്നു. പാരൽകോളേജുകൾ വിദ്യാഭ്യാസം ബിസിനസാക്കിമാററി. വ്യക്തികൾ എന്നതിനേക്കാൾ സമൂഹം തെററുചെയ്യുന്നു. വെളിച്ചം കൊടുക്കേണ്ടവർ ഇരുട്ടുകൊടുക്കുകയാണ്. എൻെറ നോട്ടത്തിൽ ഈ നാട് നന്നാവാൻ ബുദ്ധിമുട്ടാ.

22. കലാലയ രാഷ്ട്രീയത്തെ കുറിച്ച് അച്ചൻെറ അഭിപ്രായമെന്താണ്?

A. അല്പം പേടിയോടെ ഞങ്ങൾ ചോദിച്ചു "സമൂഹത്തിലെ അഴുക്ക് വിദ്യാഭ്യാസ രംഗത്തേക്കും വന്നു അത്രമാത്രം.

23. കലാലയ രാഷ്ട്രീയത്തിൻെറ ശരിയായ ഉദ്ദേശമെന്താണ്. അതാണോ ഇവിടെ നടക്കുന്നത്?

A. ....... ചാലക്കുടികാർമൽ, പാലക്കാട് ദേവമാതസ്കൂൾ........ ദീപ്തി വേൻ, കാത്തലിക്ക്സെൻറർ; ചിയ്യാരം ഗലീലി എന്നീ സരസ്വതീ സ്ഥാപനങ്ങളുടെ സ്ഥാപകൻ ഞങ്ങളുടെ നേരേ ചോദ്യശരങ്ങളെറിഞ്ഞു.

ചുരുക്കം ചില നേതാക്കൾ ഉണ്ടാകുന്നുണ്ടെങ്കിൽ പോലും കലാലയരാഷ്ട്രീയം വേണ്ട എന്നുതന്നെ അച്ചൻ തറപ്പിച്ചു പറഞ്ഞു.

24. മിക്സഡ് Education നെ പററി അച്ചൻെറ അഭിപ്രായമെന്താണ്?

A. D. C. level തുടങ്ങി നല്ലതാണ്. പക്ഷെ അതിൻെറ എണ്ണത്തിൽ പരിധിവേണം വേണ്ടത്ര സൗകര്യങ്ങൾ വേണം. എങ്കിൽ നല്ല റിസൽട്ട് ആയിരിക്കും

25. അച്ചനു ഞങ്ങളോട് പുതിയ തലമുറയോട് എന്താണ് പറയാനുള്ളത്?

A. നല്ല പൗരന്മാരാവുക അതിന് മൂല്യങ്ങൾ തിരിച്ചു കൊണ്ടു വരണം ഇന്നത്തെ സമൂഹം ഇതിനൊരു വെല്ലുവിളിയാണ്. ചുററുപാടുകളിൽ നിന്നു വ്യത്യസ്തനായി നില കൊള്ളാനും നല്ല രാഷ്ട്രത്തിനായി പരിശ്രമിക്കാനും ശ്രമിക്കുക. ഇപ്പോൾ പഠിക്കുക പിന്നെ പ്രയത്നിക്കുക. ○

Phone: 25317

സേവനത്തിൽ

വിനയവും

വിശ്വസ്തതയും

**മേയർ ലെതർ വർക്സ്**

**റൌണ്ട് സൗത്ത് തൃശൂർ**

● കഥ ●

# യുഗസന്ധ്യ

**പി. എൻ. ഗോപകുമാർ**
ബി എസ് സി. രണ്ടാം വർഷം
ഫൈനാർട്ട്സ് സെക്രട്ടറി

**നീ**റുന്ന മനസിൻെറ വിപഞ്ചികയിൽ നോവുന്ന ഓർമ്മകളുമായി അവനിരുന്നു.

കയ്യിലിരിക്കുന്ന പുസ്തകത്തിൻെറ താളുകൾ മറച്ചുകൊണ്ടിരിക്കുമ്പോൾ അങ്ങകലെ നീലവിശാലതയിൽ ചിറകാർന്നു പറക്കുന്ന ഓർമ്മകൾ. അവയിൽ ആശയുടെ തിരിനാളുകളുയർത്തിയ മുഖങ്ങൾ. നിസഹായതയുടെ— മലയോരങ്ങളിൽ നിന്നും ഒഴുകിയൊലിച്ച് ഒന്നുചേർന്നുവരുന്ന വേദനയുടെ മായാപ്രവാഹം പോലെ വർഷങ്ങൾക്കു മുമ്പിലൂടെ വെളിച്ചമില്ലാതെ ഇരുണ്ടുകൂടികിടക്കുന്ന— ഓർമ്മയുടെ ഇടനാഴിയിലൂടെ നേർത്ത ഒരു ദീപനാളം തെളിഞ്ഞു വരുന്നു. ഇരുളിൻെറ കറുത്ത മുഖത്തെ മായ്ക്കുന്ന ശൂന്യതയുടെ മുഖപടമണിഞ്ഞ നിലാവ്.

അന്നു വിരിഞ്ഞിരുന്ന നിശാഗന്ധികൾക്കെല്ലാം അവനൊരിക്കലും കണ്ടിട്ടില്ലാത്ത ചൈതന്യമായിരുന്നു.

വളരെ സുന്ദരമായ ഒരു ഗ്രാമപ്രദേശമായിരുന്നു അത്. പച്ചപിടിച്ചു നീണ്ടുനിവർന്നു കിടക്കുന്ന വയലേലകൾ. അതിനപ്പുറത്ത് തലയുയർത്തി നിൽക്കുന്ന കു



ന്നുകൾ. ജോലികിട്ടുന്നതുവരെ സുഖവാസത്തിനെന്നപോലെയാണ് അവിടെ പോയത്. അച്ഛൻെറ മരണശേഷം കാര്യസ്ഥൻ ശങ്കുവാശാൻ മുറപോലെ നെല്ലും തേങ്ങയും വീട്ടിലേക്ക് എത്തിച്ചുകൊണ്ടിരുന്നു.

അമ്മയ്ക്കതിന് പൂർണ്ണ സംതൃപ്

തിയായിരുന്നു "വീട്ടുകാര്യങ്ങളൊക്കെ നോക്കി പഠിക്കുന്നത് നല്ലതാണ് മാത്രമല്ല ജോലികിട്ടുന്നതുവരെ നിനക്കൊരാശ്വാസവുമായല്ലോ".

ആ പാടശേഖരങ്ങളിലൂടെ കിഴക്കോട്ടുപോയാൽ ഒരു ജീർണ്ണിച്ച ക്ഷേത്രം കാണാം. പൊക്കമുള്ള ആൽമരങ്ങളും അതിനെ പൊതിഞ്ഞുള്ള ചെറിയ കാടും ഇടിഞ്ഞു പൊളിഞ്ഞ പടവുകളും പായൽ നിറഞ്ഞ വെള്ളവും ചേർന്ന ക്ഷേത്രക്കുളവും കാണാം അതിനോട് ചേർന്ന് ഒരു വലിയ പറമ്പാണ് അതിലൂടെ നേരെ നടന്നാൽ ചെന്നെത്തുന്നത് പേരുകേട്ട ഒരില്ലത്താണ്. പണ്ടത്തെ പ്രൗഢി വിളിച്ചോതുന്ന കൊത്തുപണികളും മററും നിറഞ്ഞ ഒരു വലിയ തറവാട്. കരിങ്കല്ലു വിരിച്ച നടുമുററവും; കരിങ്കൽ തൂണുകൾ കൊണ്ടലങ്കരിച്ച നാലുകെട്ട്

ഹരിതാഭ കലർന്ന നെൽവയലേലകൾക്കുമുകളിലൂടെ കൂടുതേടിയലയുന്ന പറവകൾ- നീല- മേഘങ്ങൾക്കുതാഴെ ശ്യാമാംബരം നീന്തിയലയുന്ന- കാർമേഘങ്ങളെ തഴുകിയുണർത്തിയ നേർത്ത കാററിന്റെ ഈണത്തിൽ അവനലിഞ്ഞു ചേർന്നു.

അന്ന് ദേവീക്ഷേത്രത്തിലെ ഉത്സവമായിരുന്നു. ഈറനായ മുടിയിൽ തുളസിയില ചാർത്തിയ ചന്ദനനിറത്തിലുള്ള കസവു വസ്ത്രം ധരിച്ച ഉമാദേവിയെ ആദ്യമായി അന്നാണവൻ കണ്ടത്. കസവുമുണ്ടിന്റെ ഞൊറികൾ നേരെയാക്കുന്നതിനിടയിൽ തന്നെ ശ്രദ്ധിച്ചിരുന്ന ആ നീണ്ട നേത്രങ്ങളിലെ ഭാവത്തിന്റെ സാന്ദ്രത വിതറിയ ചന്ദ്രോദയം തളരുകയായിരുന്നോ? അല്ല മാധുര്യം നിറഞ്ഞ പുഞ്ചിരി അവൾ തന്നപ്പോഴും അകലുകയായിരുന്നു. എന്റെ തീരത്തുനിന്നും. സാഗരമാനസത്തിൽ വഴിയറിയാതെ അലയുന്ന ഏകനായ തോണിക്കാരന്റെ ഹൃദയത്തിലേക്ക് കടന്നുവന്ന സാന്ത്വനത്തിന്റെ സ്വപ്നം ഒരിററു സ്നേഹത്തിനു വേണ്ടി വെമ്പിയിരുന്ന അവന്റെ ആത്മാവിൽ പനിനീർപുഷ്പങ്ങളിൽ മധുവായി- അവൾ വിരിഞ്ഞു. ആ മിഴികൾ അവനറിയാതെ മനസ്സിൽ മായാത്ത ചിത്രങ്ങൾ വരച്ചിരുന്നു. പക്ഷേ മഞ്ഞുനീർ തുള്ളികളിലുദിച്ച പകലോന്റെ വർണ്ണങ്ങൾ ശാശ്വതമല്ലായിരുന്നു

വിശാലമായ പാടത്തിന്റെ അതിർത്തിയിലുള്ള പടർന്നു പന്തലിച്ച മരച്ചുവട്ടങ്ങൾക്കായി സൃഷ്ടിക്കപ്പെട്ടതാണെന്നവർ കരുതി. അതുവരെയുള്ള ദീർഘമായ കാലഘട്ടത്തിൽ നിന്നുമുരുത്തിരിഞ്ഞ വേദനയുടെ കിനാക്കൾക്ക് ആശ്വാസത്തിന്റെ ലോകത്തേയ്ക്കണയാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ടുതന്നെ മനസിന്റെ താളം തെററുകയായിരുന്നു. കലാലയ ജീവിതത്തിന്റെ അവസാനത്തിലെ തളർച്ച അവ തീർക്കാനുള്ള, എല്ലാം മറക്കാനുള്ള കുറച്ചു നിമിഷങ്ങൾ. പൊട്ടിയ വീണക്കമ്പികളെ ചേർത്തിണക്കാനുള്ള വ്യഗ്രത.

കരിഞ്ഞു കൊഴിയുന്ന ഇല കളുടെ അസ്വാസ്ഥ്യജനകമായ നാദങ്ങളിൽ തന്റെകണ്ണുനീരിന്റെ പ്രസരം കള്ളിച്ചെടികളുടെ കൂർത്ത മുനകളിൽ തട്ടി നെമ്പരമേറുന്ന ശരീരം വേദനിച്ചു. പകലിന്റെ ഏതോ യാമത്തിൽ ഞാനുറങ്ങി. എങ്കിലും തളർന്ന മിഴികളിൽ നിന്നും ഉതിരുന്ന ആശ്വാസത്തിന്റെ നാളവുമായി ആശ കൂടെയുണ്ടായിരുന്നു, തളരുന്ന കാൽവയ്പുകൾ തുടർന്നു മരുപ്പച്ചകൾക്കുവേണ്ടിയുള്ള അന്വേഷണം. അന്നൊരു നിശീഥിനിയിൽ- എവിടെ നിന്നോ ഒരിരമ്പൽ കേട്ടു വെള്ളി നിറമുള്ള മുകിൽ മാലകൾ കറുത്ത നിഴലുകളാൽ പൊതിഞ്ഞു. അവയുടെ താളാത്മകമായ നീക്കം കണ്ടു നിൽക്കെ പ്രകൃതിയുടെ വൈരൂപത്തിന്റെ- മുഖം പ്രകാശിച്ചു. ആകാശം ഇരുണ്ടുകൂടി അതിശക്തമായ കാററിൽ കടലോരത്തെ കേ

രവൃക്ഷങ്ങൾ ആടിയുലഞ്ഞു വാനോളയുയർന്ന തിരമാലകൾ പാറക്കൂട്ടങ്ങളിൽ ചിന്നിച്ചിതറി നനവിന്റെ പ്രതലങ്ങളിൽ ചൂടേറുന്ന കൈവിരലുകളുടെ സ്പർശം ആ അതിർവരമ്പിൽ ആ ചൂടലിഞ്ഞലിഞ്ഞില്ലാതായി തണുത്ത മരവിച്ച മണ്ണിൽ അമർത്തി ഒരു പിടിമണ്ണ് കയ്യിൽ കരുതിയവൻ വലിച്ചെറിഞ്ഞു അതിന്റെ അവശിഷ്ടങ്ങൾ വിണ്ടുകീറിയ നഖങ്ങൾ അൽപം കരുതി വരണ്ടകുററിന്റെ അലകളിലൂടെ പാറിപ്പറന്ന പ്രകൃതിയുടെ മുഖത്തിൽ വിശുദ്ധതയുടെ ആത്മാർത്ഥതയുടെ ജീവനുണ്ടായിരുന്നില്ല വാനത്തിന്റെ അഗാധതയിൽ വർഷങ്ങളുടെ പ്രതിബന്ധങ്ങളെ തകർത്തുകൊണ്ട് ഒരു ചുവന്ന നക്ഷത്രം പ്രകാശിച്ചു ചാരിതാർത്ഥ്യം കലർന്ന ആ രശ്മികളുടെ അതർഥ ഗർഭമായ പതനം എന്റെ മിഴികളിൽ തടഞ്ഞു. എന്റെ വിലുകളിലൂടെ, രക്തധമനികളിൽ നെടുവീർപ്പിന്റെ സ്പന്ദനങ്ങളടർത്തിക്കൊണ്ട് അവ ഹൃദയത്തിന്റെ ഒരു കോണിൽ മിഴികൾ തുറന്നു വിഷാദമടർത്തിയ തംബുരുവിന്റെ നാദം – ആ മിടിപ്പുകൾ മീട്ടിയ സ്വരവീചികളുടെ താളം.

ദീപാരാധനയ്ക്ക് ശേഷം ഉണങ്ങിയ വാഴയിലയിൽ പൊതിഞ്ഞപ്രസാദം പങ്കവയ്ക്കുന്ന നിമിഷങ്ങൾ ആത്മസംതൃപ്തിതുടെ അവ്യക്തതയുടെ നേർത്തകൈകൾ നിശസാം പരസ്പരം തട്ടുന്ന മുഖങ്ങൾ അന്നൊരിക്കൽ അന്തിവെയിലേററ് തിളങ്ങുന്ന നെൽച്ചെടികളിലെ വെള്ളത്തുള്ളികൾ നോക്കിയവൾ പറഞ്ഞു "അമ്മക്ക് തീരെ സുഖമില്ല ഹരിയേട്ടൻ വീട്ടിലേക്കൊന്നു വരോ." ദു:ഖം നീർക്കെട്ടിക്കിടക്കുന്ന ആ കണ്ണുകളിലൂടെ മിന്നിമറിയുന്ന എന്തൊവികാരമവൻ കണ്ടു ഇടിഞ്ഞു പൊളിഞ്ഞ തുളസിത്തറയിൽ ചാരി നിന്നപ്പോൾ 'ഇതാണ് ഹരിയേട്ടൻ' എന്ന് പറഞ്ഞവൾ കട്ടിലിലിരുന്നു. മൗനം തുന്നിയ നിശ്ചലമായ നിമിഷങ്ങളുടെ അവ്യക്തമായ തേങ്ങലുകൾ വററിവരണ്ട ചുണ്ടുകളിൽ നിന്നും വിളറിയ ചിരി തളർന്നമിഴികളിൽ നിന്നുമുതിരാൻ വെമ്പുന്ന കണ്ണുനീർത്തുള്ളികൾ. തിരിഞ്ഞു നടക്കുമ്പോൾ പിന്തുടരുന്ന കാലൊച്ച. തുടർന്നു പതിഞ്ഞ സ്വരം "നാളെവരുമോ"

'വരാം'

പിറേറന്ന് പച്ചപായൽ നിറഞ്ഞ ക്ഷേത്രക്കുളത്തിന്റെ വഴുവഴുത്ത തറകളിൽ വഴുതിയ പാദ സ്പർശങ്ങളുടെ അടയാളം. നഷ്ടപ്പെടുകയായിരുന്നു എല്ലാം

സമയമെത്രയായെന്നറിയില്ല, മാനസവീണയിൽ നിന്നുമുയരുന്ന രോദനങ്ങളിൽ നിന്നും അവനുണർന്നു. അങ്ങകലെ കുന്നുകളിൽ മൂടൽമഞ്ഞ് വിരുന്നിനെത്തിയിരിക്കുന്നു. പുസ്തകത്തിന്റെ താളുകളിൽ പററിപ്പിടിച്ചിരിക്കുന്ന പുൽകൊടികൾ തട്ടിമാററി അവൾ എണീററു. കൊയ്തൊഴിഞ്ഞ നെൽപാടങ്ങളിലങ്ങിങ്ങായി പൊന്തി നിൽക്കുന്ന നെൽച്ചെടികൾ. നൊമ്പരത്തിന്റെ നിർവൃതിയിലും ആനന്ദത്തിന്റെ ശകലങ്ങൾ പൊഴിക്കുന്നവ്യർത്ഥമായ സ്വപ്നങ്ങൾ.

പുറത്ത് ശക്തിയായി മഴ പെയ്തുകൊണ്ടിരുന്നു. ആകാശത്തിന്റെ വിശാലമായ താഴ്വരകളിൽ മഞ്ഞിന്റെ തണുപ്പേറുന്ന കൈകൾ ആഴ്ന്നിറങ്ങിക്കൊണ്ടിരുന്നു— ഏതോ ഒരു വിഷാദഗാനം മനസ്സിലേക്കൊഴുകിയെത്തി. അവ്യക്തമായ ഗാനം മാതിരി തലക്കുമീതെ ചുററും വെളുപ്പെന്ന ശൂന്യത. പുറത്ത് കട്ടിയായ ഇരുട്ട് നനവു വററാത്ത കണ്ണുകൾ വാശി പിടിച്ചു ചുവരുകളുടെ നഗ്നതയിൽ കോറിവരയ്ക്കുമ്പോൾ ഇരുട്ട് ഉച്ഛ്വസിച്ച ദുർഗ്ഗന്ധ വായുവിൽ ശ്വാസംമുട്ടി. ഉറക്കത്തിന്റെ രക്ഷാകവചങ്ങളിൽ പണിപ്പെട്ട് സ്വയം കത്തിയെരിയാനുള്ള ധൃതി. പാടുപ്പെടൽ പ

ക്ഷെ ചാട്ടകാട്ടി പേടിപ്പിക്കപ്പെടാനിതുവരെ സാധിച്ചിട്ടില്ലാത്ത ഉള്ളിന്റെ ചിരി ഇന്നുവരെ നിനക്കുവേണ്ടിപ്പോലും വഴങ്ങിതന്നിട്ടില്ലാത്ത എന്നെ ഇനിയും മനസിലായിട്ടില്ലേ. എന്ന ഭാവത്തിനു നേരെ ഭയത്തോടെ– യാചനയോടെ– പ്രതീക്ഷയോടെ കാത്തുനിന്നു നീല ഞെരുമ്പുകളിലെ മിടിപ്പ് അവളോടു സംസാരിച്ച എന്റെ ഓരോ വാക്കുകളും, വികാരവും, ചലനവും, അനുഭവവുമെല്ലാം പ്രത്യക്ഷപ്പെടും മുമ്പ് അനുഗനായ സൂര്യൻ കിഴക്കൻ ദൂരങ്ങളിലേക്ക് വമിപ്പിക്കുന്ന ഹൃദ്യ പരിമളമായിരുന്നു.

നിശയുടെ ഏകാന്തതയിൽ അവന്റെ കണ്ണുകളറിയാതെ അങ്ങകലെ കുളിർമയുടെ പുതപ്പിലെ പ്രകാശത്തിന്റെ പോറലുകളിൽ തടഞ്ഞു

എങ്ങോ അലയടിക്കുന്ന സാഗര തീരങ്ങളുടെ മടിയിൽ തലചായ്ക്കുന്ന സൗമിനിയായ സന്ധ്യ

മനശാന്തി തേടിയലയുന്ന ഒരുകൂട്ടം ഓർമ്മകൾ. മുററത്തെ മാവിലകളെ തഴുകികൊണ്ടു വീശിയ പടിഞ്ഞാറൻ കാററിന് മുല്ലപൂക്കളുടെ സൗരഭ്യമുണ്ടായിരുന്നു. തെങ്ങിൻ തലപ്പുകൾക്കിടയിലൂടെ ചന്ദ്രൻ മിന്നിതിളങ്ങുന്നുണ്ടെങ്കിലും അശോക മരങ്ങൾ നിറഞ്ഞ ആ പറമ്പിൽ ഇരുളിന്റെ കാളിമ നിറഞ്ഞു കണ്ടപ്പോൾ ഒരിററു വെളിച്ചം വീണ്ടുകീറിയ മുറിവുകളിൽ നനുത്ത സ്പർശം എവിടെയോ അലഞ്ഞ മുഗ്ധമധുരമായ സംഗീതം– മറവിയുടെ തീരങ്ങളിലേക്ക് ഒഴുകിയലയുന്ന നീർച്ചാലുകൾ.

O

*Best compliments :*

MULLOTH
SILKS & SAREES
NADA, IRINJALAKUDA

*Compliments from:*

SMITHA'S
SAREES & READYWEARS
OPP: BISHOP'S HOUSE
SOUTH TANA, IRINJALAKUDA



# നിമിഷങ്ങൾ

**പോൾ സെബാസ്ററ്യൻ കെ.**

നദീ തീരത്ത് ഊണും ഉറക്കവുമുപേക്ഷിച്ച് വിശ്രമവും വിനോദവും വേണ്ടെന്നുവച്ച് കന്യക തപസ്സ് ചെയ്തു.

ക്ഷീണത്തിന്റെ കൊടുമുടികളെ കീഴടക്കിയ പ്രത്യാശയുടെ വെന്നിക്കൊടിക്കു താഴെ ദിഗന്തങ്ങൾ ഞെട്ടി വിറച്ചു.

ഭൂമി അസ്വസ്ഥതയുടെ നാമ്പുകളേററു പിടഞ്ഞു. ഭയങ്കരമായ കൊടുങ്കാററിന്റെ ആരവത്തിൽ പേടിച്ചരണ്ട ഒരു പെൺമുയൽ ഒളിക്കാനിടം തേടിയ ചെറിയ ഗുഹപോലും കിടിലം കൊള്ളുന്നതു കണ്ട് ഭ്രാന്തമായി ഓടിക്കൊണ്ടിരുന്നു. അകലെ അലമുറയിടുന്ന തിരകൾ തീരത്ത് ആഞ്ഞടിച്ചു.

ആകാശഗോളങ്ങളെ പിളർന്നുകൊണ്ട് അനാദിനാഥൻ കന്യകക്കു മുൻപിൽ പ്രത്യക്ഷപ്പെട്ടു.

അവളുടെ തപസ്സിന്റെ തീഷ്ണത ദർശിച്ച ലോകേശന്റെ കണ്ണുകൾ അത്ഭുതത്താൽ വിടർന്നു.

കന്യകയുടെ കണ്ണിൽ നനവിന്റെ ഒരു ചെറിയ നീർകണം.

'പറയൂ മകളേ........'

ആശ്വാസത്തിന്റെ നെടുവീർപ്പോടെ കന്യക പറഞ്ഞുതുടങ്ങി.

നദീതീരത്ത് ഒരു വേഴാമ്പലുണ്ടായിരുന്നു. ചിറകുകൾ നഷ്ടപ്പെട്ട ഒരു വേഴാമ്പൽ. ദുഃഖത്തിന്റെ വേലിയറുമ്പുകളിൽ കണ്ണീർപ്പുഴയൊഴുക്കാൻ വിധിക്കപ്പെട്ട ഒരു പാവം പക്ഷി.

നദിഭംഗി ആസ്വദിച്ചുനടന്ന ഒരു ചിത്രകാ

രൻെറ കണ്ണുകൾ വേഴാമ്പലിലുടക്കി നിന്നു. വർണ്ണങ്ങളുടെ മറയില്ലാത്ത ചിത്രകാരൻെറ മനസ്സിൽ സഹതാപത്തിൻെറ നീലവർണ്ണം മിന്നിമറഞ്ഞു.

സഹതാപം സഹായത്തിനായി വെമ്പി
ഇടിവെട്ടി–
ശക്തമായ മിന്നൽ–
ആഞ്ഞടിക്കുന്ന കാററ്–
പതിവിനു വിപരീതമായി തിന്മയുടെ ശക്തികൾ പേടിച്ചൊളിച്ചു.
ഒരു അഭൗമപ്രകാശത്താൽ അവിടം പൂരിതമായി.
ചിത്രകാരൻ സന്തോഷിച്ചു.
ഉള്ളിൽ എന്തിൻേറയോ കൊളുത്തിവലിയെ സമർത്ഥമായി മറച്ചുവെച്ചു.

കാൻവാസ് ഒരുങ്ങി.
ചായകൂട്ടുകൾ ഒന്നൊന്നായി പുതിയ പ്രതലത്തിലേക്കെത്തിനോക്കാൻ വെമ്പി.
വിരലുകൾ ചലിച്ചുതുടങ്ങി.

വിരൽതുമ്പുകളും വർണ്ണങ്ങളും ആശയങ്ങളും രൂപങ്ങൾക്കുവഴിമാറി. നഷ്ടപ്പെട്ട ചിറകുകൾക്കുപകരം കൂടുതൽ ഭംഗിയും ബലവുമുള്ള ചിറകുകൾ തയ്യാറാവുന്നത് വേഴാമ്പൽ അറിഞ്ഞതേയില്ല. വിശ്രമമില്ലാത്ത പകലുകളോടൊപ്പം അദ്ധ്വാനത്തിൻെറ നാളുകളും ചിലവഴിച്ച് ചിത്രകാരൻ വേഴാമ്പലിനുവേണ്ടി വരച്ചുകൊണ്ടേയിരുന്നു.

വിരലുകളിൽ അഗ്നി സ്പർശിച്ചപ്പോഴും, വിയർപ്പും വിശപ്പും ഇണചേർന്നപ്പോഴും പരിഭ്രമിക്കാതിരുന്ന ചിത്രകാരൻെറ കണ്ണുകൾ കൊടുകാററിലും ഭൂമികുലുക്കത്തിലും പതറിയില്ല.

ശരീരത്തിൻെറ ശക്തി മുഴുവൻ ഏററുവാങ്ങിയ വിരലുകൾ സൂര്യതാപവും ചന്ദ്രൻെറ ശാലീനതയും ഏററുവാങ്ങിയിരുന്നു.

ഏകാഗ്രതയുടെ കൊടുമുടികൾ കയറിയ ചിത്രകാരൻെറ മനസിസനോടൊപ്പം ശരീരം വിരൽത്തുമ്പുകളിലേക്ക് ഒതുങ്ങിക്കൂടിക്കൊണ്ടിരുന്നു.

നിമിഷങ്ങൾ ചലനത്തിനും
ചലനം നിമിഷങ്ങൾക്കും ദിനങ്ങൾക്കും വഴിമാറി.

നല്ല തണുപ്പുള്ള ഒരു ഉഷഃകാലത്ത്, തൻെറ നഷ്ടപ്പെട്ട ചിറകുകളുടെ സ്ഥാനത്ത് ഇളം കുളിരനുഭവപ്പെടുന്നത് അത്ഭുതത്തോടെ വേഴാമ്പൽ മനസ്സിലാക്കി.

ആഹ്ലാദം ചിറപൊട്ടി ഒഴുകിയ മണിക്കൂറുകളുടെ അവസാനം നദിതീരത്തെത്തിയ വേഴാമ്പൽ കുറെ ചായക്കൂട്ടുകളോടൊപ്പം പൂഴിമണ്ണിൽ കമിഴ്ന്നടിച്ചു കിടക്കുന്ന ചിത്രകാരനെകണ്ടു. ചിത്രകാരൻെറ ചായകൂട്ടുകൾക്ക് തൻെറ പുതിയ വർണ്ണകുപ്പായത്തിൻെറ നിറമാണല്ലോ. എന്നോർത്ത് അത് ആശ്ചര്യപ്പെട്ടു.

ഒരു നർത്തികയെപ്പോലെ അടുത്തെത്തിയ വേഴാമ്പൽ, ചിത്രകാരൻ വിറങ്ങലിച്ച ജഡമായെന്നു കണ്ട് തരിച്ചിരുന്നുപോയി.

സന്തോഷത്തിൻെറ ചില്ലുമേടകൾ തകർന്നടിഞ്ഞടിഞ്ഞു കൂനകൂടി. ഒരു മഴക്കുവേണ്ടി ദാഹിച്ചിരിക്കുമ്പോഴും അതിൻെറ കണ്ണുകളിൽനിന്നും നീർകണങ്ങളൊഴുകി.

നീർകണങ്ങൾ നീരുറവകളായി
നീരുറവകൾ ശക്തിയായി
ശക്തി അഗ്നിയായി
അഗ്നി വായുവായി

വായു......പിന്നെ......പിന്നെ.....പിന്നെ.....
വേഴാമ്പൽ വായുവും അഗ്നിയും ജലവും ഉപേക്ഷിച്ച് നദീതീരത്ത് തപസിന്ന് തുടങ്ങി. പാവം വേഴാമ്പൽ അല്ലാതെന്തുചെയ്യാൻ........

"കുമരി"......

''അടിയൻ......''

''നിനക്കെന്താണ് വരമായി വേണ്ടത്? പറയൂ''...

''ഭവാൻ കനിഞ്ഞ് .....''

''പറയുന്നതിനു മുൻപ് ഒരു വാക്ക്...ദേവലോകത്തിന്റെ ചട്ടങ്ങൾക്കു വിധേയമായ പരിഹാര വിധികൾ ചെയ്യേണ്ടിവരും.''

''അതു ചെയ്യാൻ സന്നദ്ധയല്ലെങ്കിൽ അടിയൻ തപസ്സു ചെയ്യുകയില്ലായിരുന്നു.''

''ശരി...പറയൂ...''

''വേഴാമ്പലിനു ചിത്രകാരനോടൊപ്പം ചിലവഴിക്കാനൊരു മുഹൂർത്തം. ചിത്രകാരനു വേഴാമ്പലിനോടൊപ്പം പങ്കുവെക്കാനൊരു നിമിഷം, ഇത്ര മാത്രം മതി......''

''മകളെ .....''

''പരിഹാരവിധികൾ എന്തായാലും പറഞ്ഞുകൊള്ളൂ......',

ശബ്ദത്തിന്റെ അലകൾ ഒരു പഴുത്ത തീക്കനൽ പോലെ അവളുടെ കർണ്ണപടങ്ങളിൽ ആഞ്ഞടിച്ചു. ഭീകരതയുടെ നിഴൽകൂട്ടങ്ങൾ ഭയാനകമാം വിധം ചലിച്ചുകൊണ്ടിരുന്നു. ഘോരമായ അലർച്ച നിസ്സാരമെന്നു തോന്നത്തക്കവിധം ക്രൂരമായ അട്ടഹാസങ്ങൾ എങ്ങുനിന്നെന്നില്ലാതെ ചുററിയും ഇരമ്പിക്കൊണ്ടിരുന്നു.

ആദ്യം പരിഹാരവിധികൾ

പിന്നെ സ്വപ്നസാക്ഷാത്ക്കാരം

അഗ്നിക്കിടെലിൽ ഒരു ദിവസം.

ചുട്ടുപഴുത്ത അഗ്നിനാളങ്ങളുടെ അലകളിൽ മൃദുമാംസം നീറിപ്പിടിക്കുന്നതിന്റെ കരിഞ്ഞ മണം.

ശാന്തത വെടിയാത്ത മുഖത്തെ പ്രകാശത്തിനു പിന്നിലും വേദന പരത്തുന്ന കാർമേഘങ്ങൾ.

ദേവലോകങ്ങൾ നിശബ്ദതയിലാണ്ട നിമിഷങ്ങളിൽ കടൽ രഹസ്യമായി അവളോടു ചോദിച്ചു.

''ഇത്രയും സഹനം. ലോകത്തിലെ വ്യർത്ഥമായ ഒരു നിമിഷത്തിനുവേണ്ടിയോ?....''

അവൾ മന്ദഹസിച്ചു. വേദന ഒളിപ്പിച്ച മന്ദഹാസം.

ഒഴുകുന്ന വായുവിൽ അലഞ്ഞുതിരിയുന്ന ഒരാഴ്ച !

എങ്ങും താങ്ങാനാവാതെ-

ഭക്ഷണംപോലും കഴിക്കാനാവാതെ-

വിശാലതയിൽ നിന്നും ശൂന്യതയിലേക്ക്

ശൂന്യതയിൽ നിന്ന് വീണ്ടും ശൂന്യതയിലേക്ക്........

കാവല്ക്കാരുടെ ദൃഷ്ടിപഥങ്ങളിൽ നിന്ന് മറഞ്ഞ് വായു അവളുടെ ചെവിയിൽ മന്ത്രിച്ചു... ''മകളെ, ജീവിതത്തിലെ ഒരു നിമിഷത്തിനുവേണ്ടിയോ ശൂന്യതയുടെ ഈ വാരം?

''ജീവിതത്തിലെ സ്നേഹപൂർണ്ണമായ ഒരു ചുംബനത്തിനു മറയ്ക്കാനാകാത്തത്ര ക്രൂരമല്ലല്ലോ ഈ ശൂന്യത?''

വായു തലകുനിച്ചു.

കാരിരുമ്പുകൾകൊണ്ടുതീർത്ത മുൾമുനകൾ നിറഞ്ഞ വഴിത്താരയിലൂടെ ഒരു ദൈവാരപ്രദക്ഷിണം.

മിനുമിനുത്ത കാൽവെള്ളകൾ തുറന്ന് രക്തം ആ മുൾമുനകളിൽ ശിരോലേപനം ചെയ്തു.

സഹനത്തിന്റെ പാരമ്യതയിൽ അടക്കിപ്പിടിച്ച ഒരു നെടുവീർപ്പിന്റെ ബാക്കി അവളോട് രഹസ്യമായി ചോദിച്ചു. ''മരണത്തെക്കാൾ ദുസ്സഹമായ ഈ പീഢനങ്ങളെല്ലാം ചപലവും മായയുമായ ഒരു സങ്കല്പനിമിഷത്തിനുവേണ്ടിയോ?''

''കാലത്തിനു മറക്കാനാകാത്തതാണ് സ്നേഹത്തിന്റെ മാധുര്യം. ചപലമായ മനസ്സുകളെ ആനന്ദത്തിന്റെ ഉത്തുംഗശൃംഗത്തിലേക്കെത്തിക്കാൻ കഴിയുന്ന ജീവിതത്തിന്റെ ആ ഒരൊററ നിമി

# COLLEGE UNION



Joju G. Pullen ......... Chairman



Jaison K. J. ......... Gen. Secretary



Noble T. Francis ......... Joint Secretary



Job M. D. ......... Vice Chairman



Telson K. P. ........ U. U. C.



Abraham George ......... U. U. C.



Asokan C. P. ......... Gen. Captain



Gopakumar P. N. ....... Fine Arts Secretary



Abey Paul Pullan .........
Magazine Editor

ഷമില്ലെങ്കിൽ – അപ്പോൾ മാത്രമെ എല്ലാം മായയാകൂ......''

അവസാനത്തെ പരിഹാരം

വന്യമൃഗങ്ങളോട് വഴുവഴുക്കുന്ന പ്രതലത്തിലൂടെ പ്രയാണം.

ദ്രംഷ്ടങ്ങളുടെ കാഠിന്യവും മൂർച്ചയും,

പേടിപ്പെടുത്തുന്ന രീതിയിലുള്ള അട്ടഹാസവും– അടിതെററിവെച്ചാൽ പാതാളഗർത്തങ്ങളിലേക്ക് വലിച്ചെറിയപ്പെടുന്ന വഴുവഴുപ്പ്. തെന്നിത്തെന്നി നടക്കുന്നതിനിടയിൽ ആക്രമണത്താൽ മറിഞ്ഞു വീണെങ്കിലും...... കഷ്ടിച്ചു രക്ഷപ്പെടുന്നു. മുന്നോട്ട് നീങ്ങുവാൻ കഴിയാതെ അവൾ പരിഭ്രമിച്ചു.

പെട്ടെന്ന് – സർവ്വശക്തന്റെ മായാരൂപം കണ്ട് അവൾ ആശ്ചര്യഭരിതയായി.

"മകളെ, ഇത്രയും കഠിനമായ പരീക്ഷണങ്ങളെല്ലാം നീ അതിജീവിച്ചത് ഒരു നോക്കിന്,.... വാക്കിന്....ഒരു നിമിഷത്തിനു വേണ്ടിയോ?''

കന്യക മൗനം ഭജിച്ചു.

"പറയൂ....ഈ ത്യാഗമെല്ലാം....''

"ജീവിതത്തിലെ ആ ഒരു നിമിഷത്തിനു വേണ്ടിതന്നെ. പുലരി വിരിയുന്നതും രാത്രി പടരുന്നതും കിളികൾ ചിലക്കുന്നതും മൃഗങ്ങൾ ഓരിയിടുന്നതും മനുഷ്യർ ചിന്തിക്കുന്നതും പ്രയത്നിക്കുന്നതും ദേവന്മാർ സൃഷ്ടിക്കുന്നതും രക്ഷിക്കുന്നതും എല്ലാം ജീവിതത്തിലെ ആ നിമിഷങ്ങളിലും നിമിഷങ്ങൾക്കുവേണ്ടിയുമല്ലേ? വേദനയുടെ കയ്പും സന്തോഷത്തിന്റെ മധുരവും സാഫല്യത്തിന്റെ സംതൃപ്തിയും മഹത്വത്തിന്റെ മഹനീയതയും എല്ലാം ജീവിതത്തിനു വേണ്ടിയല്ലേ? ആ സ്നേഹസുന്ദര മുഹൂർത്തത്തിന്റെ ലക്ഷ്യബോധം മതി ജീവിതത്തിലെ ക്ലേശങ്ങളെല്ലാം മധുരമുള്ളതായിത്തീരാൻ എത്രയോ കാലം ഓർമ്മിച്ചോമനിക്കാനും ആ മുഹൂർത്തം മതി. "പ്രഭോ അടിയനെ അനുഗ്രഹിക്കൂ......''

"മകളെ......മംഗളം ഭവിക്കട്ടെ......''

വിജയത്തിലേക്കുള്ള അവസാനത്തെ കാൽവെയ്പ്–ആ പാദചലനത്തെ തടഞ്ഞ ശക്തിപക്ഷെ പിശാചായിരുന്നു.

"നിന്റെ തപസ്സും പരീക്ഷവിജയങ്ങളുമെല്ലാം ശരി; ചിത്രകാരനുവേണ്ടിയായിരുന്നു.; ചിത്രകാരനെപ്രതി നിനക്കുള്ള സ്നേഹത്തെ പ്രതിയായിരുന്നു. പക്ഷെ – എന്നോട് പറയൂ..... ആ സ്നേഹത്തെ എവിടെനിന്ന് ലഭിക്കും,?........ എങ്ങനെ........?...''

"സ്നേഹം ഭൂമിയിൽ കൃഷിചെയ്യുന്നില്ല. കാടുകളിൽ പൂക്കുന്നുമില്ല. കമ്പോളങ്ങളിൽ വിൽക്കപ്പെടുകയോ കൈമാററം ചെയ്യപ്പെടുകയോ ചെയ്യുന്നില്ല. അതു സംസ്ക്കരിക്കുന്ന ഫാക്ടറികളില്ല, പരിശീലിപ്പിക്കുന്ന വിദഗ്ദന്മാരുമില്ല. ആത്മസമർപ്പണമാണ് സ്നേഹം. ആത്മത്യാഗം! എളിമയും ഹൃദയശുദ്ധതയും സത്യസന്ധതയും.... നല്ലമനസും...ഒരു ആയുസ്സുമുഴുവൻ സ്നേഹത്തിന് സമർപ്പിച്ച ഈ സാധുവിന്റെ വഴി തടയല്ലേ......''

നിശബ്ദതയുടെ നിമിഷങ്ങൾക്കുശേഷം കന്യക പാദങ്ങൾ മുന്നോട്ടുവെച്ചു. അവൾ ചിത്രകാരന്റെ രൂപം മനസ്സിൽ ധ്യാനിച്ചു.

ചിത്രകാരൻ തുന്നിയ പലവർണ്ണക്കുപ്പായം പലവുരു വൃത്തിയാക്കി എടുത്തണിഞ്ഞു. ചിത്രകാരന്റെ ശവകൂനക്കു മുൻപിൽ അവൾ നിന്നു.

അകലെ ആകാശത്ത് വെള്ളിമേഘങ്ങളുടെ തിളക്കം,

ഒരു പെരുമ്പറയുടെ ഇമ്പമേറിയ ശബ്ദം.

തെന്നലിന്റെ മൃദുവായ ഒരു തലോടൽ.

മഴ ശക്തിയായി പെയ്തു.

വെള്ളം അവളുടെ ശിരസ്സിലൂടെ ഒഴുകി.

വെള്ളം അവളുടെ ശിരസ്സിലൂടെ ഒഴുകിക്കൊണ്ടേയിരുന്നു. ○



# ഒരാൾ കൂടി

എം. കെ. റോയ്
മൂന്നാംവർഷം ബി. എസ്. സി.
ജന്തുശാസ്ത്രം

ഇനിയെന്ത് എന്ന ചോദ്യം ഭീകരമുഖമാർന്ന മുമ്പിലുയരുന്നു. പുകപടലങ്ങൾക്കിടയിൽ നിന്നു അതവനെ തുറിച്ചുനോക്കി. വർഷങ്ങൾക്കുശേഷം ആ സ്വപ്നം [സ്വപ്നമോ?] അവന്റെ കൈപ്പിടിയിലൊതുങ്ങിയിരിക്കുന്നു— പക്ഷേ ജീവിതമോ... അത് പിടികൊടുക്കാതെ മുന്നോട്ടോടുകയാണ്... എല്ലാവരേയും തോല്പിച്ചുകൊണ്ട്... മലവെള്ളപ്പാച്ചിലിൽ വഴിയോരത്ത് വഴിയേതെന്നറിയാതെ തിരമുറിച്ച് കടക്കാനാവാതെ നിർവ്വികാരനായിഅവൻ... ഒരു ഡിഗ്രിക്കാരൻകൂടി പിറന്നുവീണിരിക്കുന്നു... ഒരുപിടിച്ചോറിനായ് പിടുവലി കൂടുന്ന ആയിരങ്ങളിലേയ്ക്ക്...

മാർക്ക്ലിസ്റ്റ് ഒരു ചുരുളായി കൈയ്യിൽ ....സർവ്വകലാശാലയുടെ അവസാനപരീക്ഷണത്തിലും അവൻ വിജയിയായി എന്നുവിളിച്ചറിയിക്കുന്ന കടലാസ്തുണ്ട് അക്ഷരങ്ങൾ അവനെ പല്ലിളിച്ചുകാട്ടുന്നു.... ഈ ചുരുളെന്തിനുവേണ്ടി?. അവനറിയാം ഇതൊന്നിനുമല്ലെന്നു്...ജോലി എന്ന സ്വപ്നസാക്ഷാത്കാരത്തിന് ഒരു ജീവിതത്തിന് ഈ കടലാസു തുണ്ടല്ല ... നിറമുള്ള കടലാസു കെട്ടുകളാണു വേണ്ടത്...വിലയുള്ള കെട്ടുകൾ... ഇതൊരു തമാശമാത്രം ... ഇന്നും ആയിരങ്ങൾ ഇതുമായി എരിയുന്ന ജീവിതത്തിലേക്ക് പടികളിറങ്ങുന്നു ... ഇനിയെന്ത് എന്ന ഉത്തരമില്ലാത്ത ചോദ്യവുമായി

അഞ്ചുവർഷം.... എല്ലാം ദിവസങ്ങൾക്കുമുമ്പെന്നപോലെ തെളിയുന്നു മായുന്നു. വേദനക്കിടയിലും ചിരിയുടെ– പുഞ്ചിരിയുടെ നിഴലാട്ടമായ് ഓർമ്മകൾ.. ഭയപ്പാടിന്റെ, പുതുമയുടെ, പരിചയത്തിന്റെ, ഹൃദയബന്ധത്തിന്റെ, വേർപാടിന്റെ കണ്ണീരും ചിരിയും കലർന്നയോർമ്മകൾ...

ജീവിതത്തിന്റെ സുന്ദരനിമിഷങ്ങൾ ചിലവിട്ട കാമ്പസ്... വിഷാദത്തിന്റെ വേലിയേറ്റമെവിടെയൊക്കെയോ.. ഇടനാഴികളിലൂടെ... ഉള്ളിലുയരുന്ന തേങ്ങലുകളടക്കി നടന്നു .. ഓരോ ക്ലാസ്സിനും മുക്കിലും ഓരോരോ കഥകൾ ഓർമ്മിക്കാനുണ്ടാവും... കുസൃതികളുടെ പരിചയങ്ങളുടെ കഥകൾ... നിശബ്ദമുറ്റിയ ക്ലാസ്സ് മുറികളോട് വിട... പടികൾ കയറിയെത്തിയത് ലൈബ്രറിയുടെ മുമ്പിൽ... അടഞ്ഞുകിടന്ന വലിയ വാതിൽ... ഇനിയവനായി തുറക്കില്ല... വെളിച്ചത്തിലേക്കുള്ള പാതയിൽ അദ്ധ്യാപകനായും സുഹൃത്തായും നീങ്ങിയ വലിയ പുസ്തകങ്ങൾ ഇനി ഇവടെ പുതിയവർക്കായി കത്തിരിക്കുന്നു നോട്ടീസ് ബോർഡിലൂടെ കണ്ണുകൾ നീങ്ങി ഇല്ല ഇനിക്കായി ഇനയെന്നുമല്ലമുണ്ടാവില്ല,

മ്യൂസിയവും ഉറങ്ങുകയാവാം...ഇന്നലെവരെ അവന്റെയും അഭിമാനമായിരുന്നു..ഞങ്ങളുടെ മ്യൂസിയം എന്നുറക്കെപറഞ്ഞിരുന്ന കാലം വളരെയകലെയായവനുതോന്നി അറിവ്അത്ഭുതങ്ങളായും അത്ഭുതങ്ങൾ അറിവായും കാത്തിരിക്കുന്നു ഒരിക്കൽകൂടി..ആ ആശ നടക്കില്ലെന്നറിയാമെങ്കിലും ഒരു നിമിഷം ശങ്കിച്ചുനിന്നു....താനേതുറക്കുമോ?

മുകളിൽ ലാബ്;പ്രാക്ടിക്കൽ ക്ലാസ്... എല്ലാം എല്ലാം ആ സുന്ദരനിമിഷങ്ങൾ പുകമറയിൽ ഒളിക്കുന്നു എങ്കിലുമാപടികളും കയറിയിറങ്ങി ...കാലിൽ ചങ്ങലകൾപോലെ...വരാന്തകളിലൂടെ വെറുതേനടന്നു...ഓരോ ചെടികളോടും കൽതൂണുകളോടും വിടപറഞ്ഞുകൊണ്ട്.. പലതുംഅവരുമോർക്കുന്നുണ്ടാവാം അവൻ ആശ്വസിച്ചു...

വഴികൾ പിന്നിട്ടതറിഞ്ഞില്ല.. ഹോസ്റ്റലിലേക്കുള്ളപാതയിൻ അവനറിയാതെ നീങ്ങുകയായിരുന്നു .. നരച്ച ചായംതേച്ച മൂന്നുനിലകെട്ടിടത്തിനു മുന്നിൽ ആ കാലുകൾ ഒരുനിമിഷം നിശ്ചയമായി...ഇന്നലകളിൽ താനുമതിന്റെ ഭാഗമായിരുന്നു വലിയൊരു കുടുംബം.. ജാതി മത ദേശ ഭാഷാവ്യത്യാസമില്ലാതെ സഹോദരരെപ്പോലെ കഴിഞ്ഞ നാളുകൾ.. ഒപ്പം നല്ല സുഹൃത്തുക്കളായും... ഇണങ്ങിയും പിണങ്ങിയും, പാടിയും കൂവിയും പിന്നിട്ട നാളുകൾ... അന്ന് ഭാവിയുടെ അനിശ്ചിതത്വം അവനറിയാമായിരുന്നു .. ജീവിതത്തിന്റെ കരിനിഴലുകൾ അവിടെയില്ലായിരുന്നു ഒടുവിലൊരുദിനം വഴിയാത്രക്കാരേപ്പോലെ യാത്രയും പറഞ്ഞിറങ്ങി... സ്വന്തമെന്നഹങ്കരിച്ചിരുന്നതെല്ലാം ഉപേക്ഷിച്ച്.. പടികൾ വീണ്ടും കയറി... (പടികൾകയറിയിറങ്ങിയെങ്കിലും പരിശീലനം കിട്ടുന്നു) നടന്നെത്തിയതവന്റെ പഴയ മുറിയുടെ മുമ്പിൽ മുറി തുറക്കാൻ കീശയിൽ താക്കോൽതിരയുന്നതിനിടയിൽ ഒരു ഇടിമിന്നൽപോലെയതു തിളങ്ങി... പുതിയ ഒരു താഴ്... അവന്റെയല്ല... ഒരു നിമിഷം അവൻ പകച്ചുനിന്നു... പിന്നെ എല്ലാം മനസിലായി ഇന്നതിനു പുതിയൊരവകാശി വന്നെത്തിയിരിക്കുന്നു... സത്യം അംഗീകരിക്കേണ്ടിയിരിക്കുന്നു. ഇല്ല തന്റെ ആത്മാവിന്റെ ഒരംശമതിലുണ്ട്..പക്ഷേ പക്ഷേ മനസേ പിൻതിരിയുക..നഷ്ടബോധത്തോടെ പിൻതിരിയുമ്പോൾ പരിചയമുള്ള മുഖങ്ങൾ വരാന്തയിൽതെളിയുന്നു– ആ പരിചയം പുതുക്കലിന്റെ നിറമുള്ള പുഞ്ചിരികളെ അഭിമുഖീകരിക്കാനാവാതെ തലകുനിച്ചുനടന്നു... പക്ഷേ കാലുകൾ മനസുനൊത്തു നീങ്ങുന്നില്ലേ.. കണ്ണിൽ കണ്ണുനീരോ?

കൈയിലെ കടലാസുചുരുളിൽ നനവ്. കൈകൾ മാറിപ്പിടിച്ചു. തണൽ മരങ്ങളുടെ അരികുപററിനടക്കുമ്പോൾഒഴിവുദിനങ്ങളിലെNCCപരേഡുകളാണോർമ്മ വന്നത്. ഡ്രില്ലും, ആയുധപരിശീലനവും, വ്യായാമവും... ക്യാമ്പുകളിൽനിന്നും ക്യാമ്പുകളിലേക്ക് ക്രൈസ്ററിൻെറ യശസുയർത്തികൊണ്ട് കടന്നുചെന്നനാളുകൾ.. ചുണ്ടിൽ ഒരു പുഞ്ചിരി... ഒടുവിൽ അങ്ങുദൂരെ ഡൽഹിയിൽ റിപ്പബ്ലിക്ദിനത്തിൽ മാർച്ചുചെയ്യുമ്പോഴും അവൻെറ അഭിമാനമായ് അവനുകൂട്ടായി ക്രൈസ്ററ് കോളേജ് എന്നനാമധേയമുണ്ടായിരുന്നു...ക്രൈസ്ററിൻെറ അന്തസായിരുന്നു അവനന്നഭിമാനം... ഒടുവിൽ വീണ്ടും സർട്ടിഫിക്കററുകളിൽ നേട്ടങ്ങൾ ഒതുങ്ങി...നിറമുള്ള വലിയവലിയ കടലാസുതുണ്ടുകൾ...ജീവിതത്തിലേക്കോ...അനുസരിക്കാൻ പഠിച്ചു... അച്ചടക്കം(?) അർപ്പണബോധം(?)... രാജ്യസ്നേഹം (?) എന്തിനായി.... തനിക്കു മുമ്പിൽ ആർക്കും വേണ്ടാത്തവയല്ലേ അത്...

സേവനത്തിൻെറ പാതയിൽ പിച്ചവച്ച്നടക്കാൻപഠിച്ച NSS ഉം... ഞാനുംകൂടി വച്ചുപിടിപ്പിച്ച പൂന്തോട്ടം... ചായമടിച്ച മതിൽ... ഗ്രാമങ്ങളിലേക്ക് ഇറങ്ങിച്ചെന്ന ചില ദിനങ്ങളും... ക്രൈസ്ററിൻെറ കൊടിക്കീഴിൽ കുറച്ചു നല്ല നാളുകൾ... കുറെ ക്യാമ്പുകൾ കൂടി... സുഹൃത്തുക്കൾ... അനുഭവങ്ങൾ... ഓർമ്മകൾ നിലാവാകുന്നു... പക്ഷേ മുമ്പിലെ ഇരുണ്ട ലോകത്തിലേക്ക് ഈ എത്തിനോട്ടങ്ങൾ എന്താവാൻ? വീണ്ടും അമ്പിളിക്കലയെ മറയ്ക്കുന്ന കരിമേഘങ്ങളായ് ഭാവി മുന്നിൽ...

സമയം വൈകുന്നു... അസ്തമയസൂര്യൻെറ കിരണങ്ങളേററ് കാമ്പസ് കൂടുതൽ സുന്ദരിയായിരിക്കുന്നു... ഹരിതാഭയും നിറമുള്ള പൂക്കളും.. എന്നും അവനാഹ്ളാദമായിരുന്നു. എത്രയോ നാളുകൾ കൊതിച്ചു.. ഇതിലൂടെ ഒററക്ക് അവൻെറ സ്വപ്നങ്ങളുമായി നടക്കാൻ.. ഒരു മൂളിപ്പാട്ടും പാടി.. ഇന്ന് തിരക്കുകളിൽ എല്ലാം മറന്നു. ഇന്ന് ഒരു സ്വപ്നങ്ങളും ഉയരുന്നില്ല.. ഒരൊററവരി മൂളിപാട്ടുമില്ലാതെ അവൻ നടന്നു.. വിങ്ങുന്ന ഹൃദയത്തോടെ...വിടവാങ്ങും നിമിഷങ്ങളറഞ്ഞിത് പൂന്തോട്ടത്തിലെ ഓരോ ബെഞ്ചും കല്ലിൻകൂട്ടങ്ങളും കുസൃതിത്തരങ്ങൾ ഓർത്തു ചിരിക്കുന്നുണ്ടാവാം എന്നോർത്തപ്പോൾ ഒരിക്കൽക്കൂടി ഒന്നുറക്കെ ചിരിക്കാൻ തോന്നി ഇല്ല .. ചിരിയൊക്കെ എന്നേ മറന്നിരിക്കുന്നു തുറന്നൊന്നു ചിരിക്കാൻ കഴിഞ്ഞെങ്കിൽ ..? എങ്ങിനെ ചിരിക്കാൻ– അവനാശ്വസിച്ചു .. മുദ്രവാക്യങ്ങളും ഇടിവെട്ടും ശബ്ദങ്ങൾ തുടങ്ങി, വിജയഭേരികളും, പൊട്ടിച്ചിരികളും, കൂവലും മുതൽ സ്വർഗസംഗീതങ്ങൾ വരെ കേട്ട ക്യാമ്പസ്– ഇപ്പോൾ നിശബ്ദയാണ്.. ചെറിയെരിടവേളമാത്രം...

ഹോസ്ററൽഡേകളും കോളേജ്ഡേകളും ഡീസോൺ ഇൻറർസോൺ മത്സരങ്ങളും എല്ലാമെല്ലാം ഓഡിറേററിയത്തിനുമുമ്പിലെത്തിയപ്പോളോർത്തുപോയി .. വീണ്ടും ഓർമ്മകളുടെ വെള്ളച്ചാട്ടം ...ദിപ്പപ്പ യിൽ സ്റേറജിൽകാട്ടിക്കൂട്ടിയ കോപ്രായങ്ങൾ ഓർത്ത് ചിരിക്കാൻ ശ്രമിച്ചു...

കളിക്കളങ്ങളും, കൊച്ചുമൃഗശാലയും മാനില്ലാത്ത മാൻകൂടും കടന്ന് വീണ്ടുമിതാ വലിയ ഗേററിനുമുമ്പിൽ... നൊമ്പരങ്ങൾ വീണ്ടും കുത്തിയുണർത്തപ്പെടുന്നു.. ഒന്നുകൂടി തിരിഞ്ഞു നോക്കി... ഞങ്ങളുടെയെന്നുപറഞ്ഞിരുന്നു. സുന്ദരിയായ പൂന്തോട്ടം ... ചെറുകാററിലിളകി നിൽക്കുന്നുന്ന അസ്തമയാർക്കൻെറ പൊൻകിരണങ്ങളേററ് ഇവക്കിടയിൽ തലയുയർത്തിനിൽക്കുന്ന ക്രൈസ്ററ് കോളേജ് .. നറുകയിൽ വർഷങ്ങൾക്കുമുമ്പെന്നപോലെ ഒരേസമയം കാട്ടുന്ന കൂററൻ ക്ലോക്ക്... തനിക്കുചുററും കാലം വരുത്തുന്നമാററങ്ങൾക്കുനേരെ ഒരേ നിർവ്വികാരതയോടെ ചല

നമററുനിൽക്കുന്ന ക്ലോക്ക്... എല്ലാം കണ്ടുമടുത്ത മുതുമുത്തശനെപ്പോലെ... എത്രയോ വേർപടുകൾക്കും... വന്നുചേരലുകൾക്കും സാക്ഷ്യം വഹിച്ചിരിക്കുന്നു... ഇനിയുമെത്രയോ...

അവർക്കെല്ലാം അനിശ്ചിതത്തിലേക്ക് വിരൽചൂണ്ടിയായി എന്നും അനന്തതയിലേക്ക് തൻെറ വിരൽചൂണ്ടി മുതുമുത്തശൻ... തന്നോടും എന്തോ പറഞ്ഞുവോ...എന്തുംവാം...

നിശ്ചലമായി നിക്കവേ കണ്ണിൽ കണ്ണുനീരിൻെറ നനവോ.... ആത്മാവിൻെറ തേങ്ങലുകൾ തടവറകൾ ഭേദിച്ചുയരുന്നുവോ....എവിടേക്ക്? എന്തിന് എന്നൊന്നും അറിയാതെ അവൻ പകച്ചു നിൽക്കുമ്പോൾ പിന്നിൽ കൂററൻ കവാടം വലിയ ശബ്ദത്തോടെ അടഞ്ഞു .... ഒരിക്കിലുമവനുവേണ്ടി തുറക്കാത്ത വാതിൽ....എവിടേക്കെന്നില്ലാതെ പായുന്ന ബസുകൾ.... അപരിചിതരയ മുഖങ്ങൾ എല്ലാം മുഖംമൂടിധാരികളോ.... കൈയിലെ കടലാസുതുണ്ടിലെ പിടി അയയുന്നുവോ....അവനിൽ മുഖങ്ങൾ മാറി തെളിയുന്നത് ഞാൻ അറിഞ്ഞു....ജീവിതത്തിൻെറ എരിതീയിലേക്ക് അവസാന പടിയിൽ നിൽക്കുന്ന ആ നിസഹായനിൽ വിദ്ധ്യാർത്ഥി ലോകത്തെ മുഴുവനും ഞാൻ കണ്ടു .... തിരിച്ചറിവിൻെറ ഏതോ നിമിഷത്തിൽ എന്നേയും....

പിന്നിൽ കാററാടി മരങ്ങൾ തലയാട്ടി....മർമ്മരമുയരുന്ന കുളിർക്കാററിൽ എനിക്ക് യാത്രാമൊഴി ചൊല്ലുകയാവാം.... പിന്നിലെവിടെയോ ഒരു കിളി പാടുന്നു....നേർത്ത ശബ്ദത്തിൽ.... ശോകഗാനം....എനിക്കായി ഒരു വിടവാങ്ങലിൻ നേരത്തെ യാത്രാമൊഴി....

O

*With best compliments from*

**VEPPOLODAI CHEMICALS**

100, SOUTH COTTON ROAD,

**TUTICORIN - 628001.**

**PHONE: 21491, 23301**
**GRAMS: NATARAJA**

**Telex:434-249 KSPS IN**



# രക്ഷപ്പെട്ടവർ

എൻ. കെ. സുരേഷ്
പ്രീഡിഗ്രി രണ്ടാം വർഷം

കുറെനേരമായി കാണുമെന്നു തോന്നുന്നു അവൻ വന്നിട്ട്. പക്ഷെ ഞാൻ കാണുന്നത് ഇപ്പോഴാണെന്നുമാത്രം. കഴിഞ്ഞപ്രാവശ്യം വന്നപ്പോൾ പറഞ്ഞത് ഉടനെ വരില്ലെന്നായിരുന്നു. പക്ഷെ ഇത്ര പെട്ടെന്നു വീണ്ടും?

''ഉം? എന്തേ?'' ഞാൻ ചോദിച്ചു.

ജനാലയുടെ കറുത്ത കർട്ടൻ മാററപ്പെട്ടു. അഴികളിൽ പിടിച്ചുകൊണ്ടവൻ അകത്തേക്കുനോക്കി. മുൻപുകണ്ടതിലും പരീക്ഷീണനായിരിക്കുന്നു. കണ്ണുകൾ നിർജ്ജീവമായിരിക്കുന്നു.

''എന്താണു വീണ്ടും?''

എൻെറ ചോദ്യം ആവർത്തിക്കപ്പെട്ടു. വാക്കുകൾ വിറകൊള്ളുന്നത് ഞാനറിഞ്ഞു.

നിർജ്ജീവമായ നോട്ടം വീണ്ടും. തല കമ്പിയഴികളിലേക്കു ചാഞ്ഞു ''ഞാൻ കടന്നുവരട്ടെ?''

കുനിഞ്ഞ ശിരസുയർത്തി അവൻ ചോദിച്ചു. ചൈതന്യമററ കണ്ണുകളിൽ പ്രതീക്ഷയുടെ തിളക്കം.

ഞാനതു മനസിലാക്കി. ഇവനോടെന്താണു പറയുക. ഇതെത്രാമത്തെ പ്രാവശ്യമാണ് ഇവൻ വരുന്നത്. കഴിഞ്ഞ ഓരോ പ്രാവശ്യം വരുമ്പോഴും അവൻെറ കണ്ണുകൾ തിളങ്ങിയിരുന്നു. നിരാശയോടെ മടങ്ങുമ്പോഴാവട്ടെ ആ തിളക്കം നഷ്ടപ്പെട്ടിരുന്നു. അപ്പോൾ ഈ പ്രാവശ്യവും?

അവനെ അകത്തേക്കു വിളിക്കണോയെന്നറിയാതെ ഞാൻ കുഴങ്ങി. എന്നാലും വിളിക്കാം. അവനോടൊപ്പം പോകാനുള്ള എൻെറ ബുദ്ധിമുട്ടുകൾ പറഞ്ഞുമനസ്സിലാക്കാം. എല്ലാപ്രാവശ്യവും അങ്ങനെതന്നെയാണല്ലോ. അതുകൊണ്ടിത്തവണയും അതാവാം.

''നീ കടന്നു വരൂ!''– ഞാൻ പറഞ്ഞു. ഒട്ടൊറു വെറുപ്പോടെ. അവൻ അകത്തേയ്ക്കു വന്നു. കരുത്തു മെലിഞ്ഞ കാലുകളിൽ ചെളി പുരണ്ടിരുന്നു മനസ്സിലാക്കാൻ പററാത്ത ഭാവം കണ്ണുകളിൽ കണ്ടു.

"നിന്നെ രക്ഷപ്പെടുത്താൻ തന്നെയാണ് ഇത്തവണയും. എന്താ വരുന്നില്ലേ''?

ചോദ്യത്തിലടങ്ങിയിരുന്ന പുച്ഛവും കാഠിന്യവും ഞാനറിഞ്ഞു.

"കഴിഞ്ഞ ഓരോ പ്രാവശ്യവും നീയെന്നെ മടക്കിയയച്ചു. പക്ഷേ ഇനി പററില്ല. നിന്നെ എത്തിയ്ക്കാമെന്നു് വാക്കു കൊടുത്തിട്ടാണ് ഞാൻ വന്നിരിയ്ക്കുന്നത്. വേഗം വരൂ! സമയം വളരെ കുറവാണ്..

ഞാൻ പെട്ടിരിയ്ക്കുന്നു. എന്തു സമാധാനം പറയും. ഇവൻ രണ്ടും, കല്പിച്ചുതന്നെയാണ് വന്നിരിക്കുന്നത്. കീഴടങ്ങിയാലോ?

എന്റെ ചിന്തകൾ പതറി. വിറയൽ ശരീരം മുഴുവൻ ബാധിയ്ക്കുന്നു. ഇറങ്ങിയോടിയാലോ? ഓടിയാൽത്തന്നെ എവിടെവരെ? മാർഗ്ഗങ്ങളെല്ലാം തന്നെ അടഞ്ഞിരിക്കുന്നു. ദയനീയമായ മുഖഭാവത്തോടെ ഞാനവനെ നോക്കി.

എന്റെ മുഖഭാവങ്ങൾ പഠിച്ച രീതിയിലായിരുന്നു എന്റെ പ്രതിയോഗിയുടെ ഇരിപ്പ്. ഭയമില്ലാത്ത കണ്ണുകൾകൊണ്ട് അവനെന്നെ കുത്തി മുറിവേല്പിച്ചു എന്നെ ഇങ്ങനെയൊരു ആകുലാവസ്ഥയിലെത്തിച്ചതിലുള്ള ചാരിതാർത്ഥ്യം അവന്റെ മുഖത്തു പടരുന്നുണ്ടായിരുന്നു. "ക്ഷമിക്കണം. എനിക്കു വരാൻ പററില്ല''

എവിടെ നിന്നോ കിട്ടിയ ധൈര്യത്തിൽ ഞാൻ പറഞ്ഞു. എന്റെ എതിരാളി ഒന്നു പകച്ചു. കറുത്തു മെലിഞ്ഞ തന്റെ കൈകൾ കൂട്ടിതിരുമ്മി തന്റെ പ്രതിഷേധം അവൻ പ്രകടിപ്പിച്ചു.

"നീ ക്ഷമിക്കണം. ഇന്നെനിക്കു പററില്ല. ഇന്നെന്നല്ല, ഉടനെയെങ്ങും പററില്ല.'' ഞാൻ വീണ്ടും പറഞ്ഞു. എന്റെ വാക്കുകൾക്ക് ശക്തി വർദ്ധിച്ചിരുന്നു.

"എന്തുകൊണ്ട്?'' കഴിഞ്ഞ എത്രയോ പ്രാവശ്യം നീയെന്നെ മടക്കിയയച്ചു. ഇനിയെങ്കിലും നീ വാക്കു പാലിക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചു.

പക്ഷെ, നീ ശരിയല്ല. നിന്റെ വാക്കുകൾക്കും പ്രവൃത്തികൾക്കും തമ്മിൽ യാതൊരു സാമ്യവുമില്ല. നീ........?

അവൻ ആക്രോശിച്ചു. ഇഷ്ടമില്ലാത്തതാണല്ലോ കേട്ടത്.

എന്റെ ഭാര്യ'' ഞാൻ പറഞ്ഞു.

"ഞാൻ നിന്റെ കൂടെ വന്നു കഴിഞ്ഞാൽ അവൾക്ക് വേറെയാരുമില്ല. എന്നെ മാത്രം വിശ്വസിച്ച് എന്റെ പുറകേ ഇറങ്ങി വന്നതാണവൾ. അങ്ങനെയുള്ളവളെ എനിക്കുപേക്ഷിക്കാൻ പററില്ല''.

എന്റെ പ്രയാസങ്ങൾ ഇവനുണ്ടോ മനസ്സിലാവുന്നു?

"ഹും :- നീയൊരു വിഡ്ഢിയാണ്. നിനക്കു രക്ഷപ്പെടണമെന്നു താൽപ്പര്യമില്ല. ഈ ലോകത്തു സ്ഥിരമായ ബന്ധങ്ങളൊന്നും തന്നെയില്ലെന്ന് നിനക്കറിയില്ലേ? ഭാര്യ, ഭർത്താവു് ഇതൊക്കെ വെറും മായ. അല്ലെങ്കിൽത്തന്നെ നിന്റെ ഭാര്യയോട് നിനക്കു സ്നേഹമുണ്ടെന്ന് എന്താണു തെളിവ്? അതെങ്കിലും എനിക്ക് ബോധ്യപ്പെടണമല്ലോ?.''

"അതാ— അങ്ങോട്ടു നോക്കൂ'' ഞാൻ നിരത്തിലേക്കു കൈചൂണ്ടി. അവിടെ കുറേ കുട്ടികൾ കളിച്ചു ചിരിക്കുന്നു, എന്റെ കുട്ടികൾ.

"ആ കുട്ടികളോ?''

"അതേ! — അവർ തന്നെ. എന്റെ ഭാര്യയോട് എനിക്കുള്ള സ്നേഹത്തിന്റെ തെളിവാണ് ആ കുട്ടികൾ. എനിക്കവളോട് സ്നേഹമില്ലെങ്കിൽ അവരുണ്ടാവുകയില്ലല്ലോ?''

"അതു കുറെ കുട്ടികളുണ്ടല്ലോ? അതെല്ലാം നിന്റെ കുട്ടികൾ തന്നെയോ?''

അവൻ തിരക്കി.

എനിക്കു മടുത്തിരുന്നു. ഇതൊന്നവസാനിപ്പിക്കുവാൻ ഞാനാഗ്രഹിച്ചു. എന്റെ ഇരിപ്പിടത്തിൽ നിന്നും ഞാനെഴുന്നേററു.



'അതേ....അതെല്ലാം എന്റെ കുട്ടികൾ തന്നെ. പത്തു കുട്ടികളുണ്ട്. എന്റെ സ്വന്തം കുട്ടികൾ. എന്റെ ഭാര്യയോട് പത്തു പ്രാവശ്യം എനിക്കു തോന്നിയ സ്നേഹത്തിന്റെ തെളിവാണത്. അങ്ങനെയെത്രയോ പ്രാവശ്യം ഞാനവളോടു സ്നേഹം കാണിച്ചിരിക്കുന്നു.''

ഒന്നു നിർത്തി ഞാൻ തുടർന്നു.

അതുകൊണ്ട് നീ പോകൂ. മററാരെയെങ്കിലും രക്ഷപ്പെടുത്തുക. അത്ര താല്പര്യമുണ്ടെങ്കിൽ ഒരു കാര്യം ചെയ്യൂ. ആ കാണുന്ന വീട്ടിലേക്കു ചെല്ലൂ. ആ വീട്ടിലെ ഇരുളടഞ്ഞ ഒരു മുറിയിൽ എത്രയോ കാലമായി ആ വൃദ്ധൻ കിടക്കുന്നു. സമ്പത്തും, പ്രതാപവും കൈവന്നപ്പോൾ അയാളുടെ മക്കൾ തള്ളിയതാണയാളെ. നീ അയാളെ രക്ഷിക്കൂ—!

പെയ്തൊഴിഞ്ഞ മാനം പോലെയായിരുന്നു എന്റെ മനസ്സ്.

എന്റെ രക്ഷകൻ എഴുന്നേററു. എന്നോടുള്ള അരിശംമൂലം അവനാകെ വിറച്ചിരുന്നു. മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും കുറെ നടന്നശേഷം എന്നെ തറപ്പിച്ചു നോക്കി അനന്തരം ഈർക്കിൽ പോലെയുള്ള കാലുകൾ തറയിൽ അമർത്തിച്ചവിട്ടി പുറത്തേയ്ക്കു പോയി.

കൈമുട്ടുകളിൽ തലതാങ്ങി ഞാൻ കുനിഞ്ഞിരുന്നു. നിരത്തിൽ എന്റെ കുട്ടികൾ ഓടിക്കളിക്കുന്നുണ്ടായിരുന്നു. ശാന്തമായ മനസ്സോടെ ഞാൻ കുറച്ചുനേരം അങ്ങനെതന്നെയിരുന്നു. അപ്പോൾ—എവിടെയോ ഒരു കൂട്ടനിലവിളി ഉയരുന്നുവെന്നു് ഞാനറിഞ്ഞു.

''ഓ! അതെന്റെ അയൽപക്കത്തു നിന്നാണല്ലോ. ആ വൃദ്ധൻ?''........

ഞങ്ങളിലാരാണ് രക്ഷപ്പെട്ടത്? □

*With best compliments from:*

# CHAKOLAS SILK HOUSE

**HIGH ROAD**

**THRISSUR**

**“വിദ്യകൊണ്ട് സ്വതന്ത്രരാകുവിൻ**
**സംഘടനകൊണ്ട് ശക്തരാകുവിൻ”**

(ശ്രീനാരായണഗുരു)

**Space Donated by**

# ELITE FABRICS

**M. O. ROAD**

**TRICHUR**

**Phone : 21021, 23399**

*With best compliments from*

**SOCIAL FORUM**

**A Charitable Institution**

**DIOCESE OF IRINJALAKUDA**

PHONE : 2376

## ST. THOMAS CATHEDRAL KURIES

**H. O. IRINJALAKUDA 680 121**

**BRANCH : BANGALORE** **FARIDABAD**

Birth! what is more joyful than
giving life to Someone or some Thing?
The Completion and edition of our magazine to life
Jayasankar



Vinod K. V.

## *MAY THEIR SOULS REST IN PEACE*



Biju A. O. - Student



Devassy A. R. - Non-Teaching Staff



Fr. Antony Kuttikat

Seby Joseph. President



Sajayan Joseph Secretary



ശംസപിടിച്ച് വാങ്ങിയപ്പോൾ യൂണിയന്റെ അദ്യത്തെ പൊതുപരിപാടി ലക്ഷ്യം കാണുകയായിരുന്നു.

## ജനുവരി 14, 15, 16, ഫിലിമോൽസവം

മൂന്ന് ദിവസങ്ങളായി നടത്തിയ ചലച്ചിത്ര പ്രദർശനം കലാലയത്തിന് സന്തോഷത്തിന്റെയും ഉൽസാഹതിമർപ്പിന്റെയും ഉത്സവചരായ പകർത്തിയ ദിനങ്ങളായിരുന്നു. 14ാം തിയ്യതി വരവേൽപ്പ് 15-ാം തിയ്യതി വെള്ളാനകളുടെനാട് 16-ാം തിയ്യതി മണിവത്തൂരിലആയിരം ശിവരാത്രികൾ എന്നീ ചിത്രങ്ങൾ പ്രദർശിപ്പിച്ചു. വിദ്യാർത്ഥികളാൽ തിങ്ങിനിറഞ്ഞ ഓഡിറേറാറിയം യൂണിയന്റെ മറെറാരു പരിപാടിയെ കൂടി വിജയപഥത്തിലേയ്ക്ക് എത്തിക്കുക അയിരുന്നു.

## ജനുവരി 14 മുതൽ 18 വരെ ക്രൈസ്ററ് കോളേജ് ഫുട്ബോൾ ടൂർണ്ണമെൻററ്

ക്രൈസ്ററ് കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ 1958 മുതൽ നടത്തിവരാറുള്ള കണ്ടംകുളത്തി ലോനപ്പൻ സ്മാരക ട്രോഫിയ്ക്ക് വേണ്ടിയുള്ള ഓൾ കേരള ഇൻറർ കൊളീജിയററ് ഫുട്ബോൾ മൽസരം ഇരിങ്ങാലക്കുട മുൻസിപ്പൽ ചെയർമാൻ അഡ്വ ടി. ജെ. തോമസ് 14-ാം തിയ്യതി ഉൽഘാടനം ചെയ്തു. മൊത്തം 10 ടീമുകൾ പങ്കെടുത്ത ടൂർണ്ണമെൻറിന്റെ ആവേശകരമായ ഫൈനലിൽ ട്രൈബ്രേക്കറിലൂടെ കേരളവർമ്മ കോളേജ് ക്രൈസ്ററ് കോളേജിനെ പരാജയപ്പെടുത്തി. ക്രൈസ്ററ് കോളേജിന്റെ ഇരുടീമുകൾ നല്ല നിലവാരം പുലർത്തിയതിന് കോച്ച് എം:പീതാംബരനും യൂണിയന്റെ അഭിനന്ദനങ്ങൾ നേരുന്നു.

## 5000 രൂപ വിലയുള്ള ഫർണീച്ചർ ലൈബ്രറിയിലേയ്ക്ക്

കോളേജ് ലൈബ്രറിയിലെ അസൗകര്യം പരിഗണിച്ച് വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി 90 - 91 ലെ യൂണിയന്റെ സംഭാവനയായി 5000 രൂപ വിലമതിയ്ക്കുന്ന ഫർണ്ണീച്ചർ വാങ്ങാൻ യൂണിയൻ എക്സിക്യൂട്ടീവ് തീരുമാനിച്ചു.

## ജനുവരി 23-ാം തിയ്യതി നാചറൽ ക്ലബ് രൂപീകരണം

മനുഷ്യന്റെ യാന്ത്രിക ജീവിതത്തിൽപ്പെട്ട് നശിച്ചു



കൊണ്ടിരിക്കുന്ന ഇന്നത്തെ പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കുക എന്ന ആശയം യൂണിയൻ പ്രവൃത്തി പഥത്തിൽ കൊണ്ട് വന്നു. കോളേജ് വൈസ് പ്രിൻസിപ്പാറവ; ഫാ; തോമസ് അച്ചാണ്ടി. സുവോളജി ഡിപ്പാർട്ട്മെൻറിലെ തലവൻ സി. കെ. ജി. നായർ എന്നിവർ രക്ഷാധികാരികളായി ക്ലബിന് രൂപം നൽകി. പ്രാഥമിക മെബർമാരായി 68 വിദ്യാർത്ഥികരം രജിസ്ററർ ചെയ്തു

**ജനുവരി 23: ഓഡിറേറാറിയത്തിൽ ജുഗൽ ബന്ധി**

വടക്കേ ഇന്ത്യയിൽ പ്രചുരപ്രചാരം ലഭിച്ചിട്ടുള്ള ജുഗൽ ബന്ധി' എന്ന കലാപ്രകടനത്തിന് സാക്ഷ്യം വഹിയ്ക്കാൻ ക്രൈസ്ററിലെ വിദ്യാർത്ഥികരംക്ക് യൂണിയൻ അവസരം നൽകി മൃദംഗത്തിൻെറയും തബലകളുടേയും മാസ്മര വലയത്തിലേയ്ക്ക് മനുഷ്യ മനസാക്ഷിയെ കൊണ്ട് ചെല്ലുന്ന ജുഗൽബന്ധി ഓഡിറേറാറിയത്തിൽ അവതരിക്കപ്പെട്ടപ്പോരം സ്വയം മറന്ന് അതിൽ ലയിച്ച വിദ്യാത്ഥികളെ യൂണിയൻ പുതിയ ഒരു മേഖലയലേയ്ക്ക് കൈപിടിച്ച് ഉയർത്തുക ആയിരുന്നു.

**ജനുവരി 23: അദ്ധ്യാപകരും യൂണിയൻ ഭാരവാഹികളും തമ്മിൽ ബാസ്കററ്ബോൾ മത്സരം**

വിദ്യാത്ഥികളും ആദ്ധ്യാപകരും തമ്മിലുള്ള സൗഹൃദത്തിൻെറ മാററുരയ്ക്കാൻ യൂണിയൻ വേദിയൊരുക്കി. വാശിയേറിയ മത്സരത്തിൽ അദ്ധ്യാപകർ പാഠ്യാതരകാര്യങ്ങളിലും തങ്ങളുടെ മേധാവിത്യം വിദ്യാർത്ഥി നേതാക്കളെ കൊണ്ട് അംഗീകരിപ്പിച്ചു. അദ്ധ്യാപക – വിദ്യാർത്ഥി ബന്ധത്തിൻെറ മാററുരച്ച മറെറാരവസരം – അധ്യാപകരെ നന്ദി.

## ഫെബ്രുവരി

**ഫെബ്രുവരി 4: ഫൈൻ ആർട്സ് ഡേ**

ഫൈൻ ആർട്സ് ക്ലബിൻെറ ഔപചാരികമായ ഉൽഘാടനം പ്രശസ്ത സാഹിത്യകാരനായ പ്രൊഫസർ ചുമ്മാർ ചൂണ്ടൽ നിർവഹിച്ചു.

പുരാതന കലാപ്രകടനങ്ങളായ പുള്ളുവൻ പാട്ടിനേയും കുമ്മാട്ടികളിയേയും മററും ആധുനിക തലമുറ വിസ്മരിച്ച് പാശ്ചാത്യാ സംസ്ക്കാരത്തിൻെറ പുറകെ

പോകുന്നതിനെ നിശിതമായി വിമർശിച്ച ചുമ്മാർ ചൂണ്ടൽ കേരളത്തിലെ അതിപുരാതന കലകളുടെ വളർച്ചയ്ക്ക് വേണ്ടത്ര പ്രോത്സാഹനം കൊടുക്കണമെന്ന് അഭ്യർത്ഥിച്ചു.

ഡീസോൺ മത്സരങ്ങളിൽ പങ്കെടുക്കാൻ അർഹത നേടിയ കലാലയത്തിലെ കലാകാരൻമാരുടെ കലാപ്രകടനവും തുടർന്ന് കോളേജിലെ തന്നെ ഓർക്കസ്ട്ര ട്രൂപ്പിൻെറ ഗാനമേളയും ഉണ്ടായിരുന്നു.

കേരളത്തിലെ തന്നെ മുടിചൂടാമന്നൻമാരായ തൃശ്ശൂർ മിമിക്സ് ട്രൂപ്പിൻെറ മിമിക്സും മാജിക്ഷോയും വിദ്യാർത്ഥികളെ ചിരിയുടെ മാലപടക്കത്തിലേയ്ക്കും വിസ്മയത്തിൻെറ മായലോകത്തിലേയ്ക്കും കൊണ്ട് എത്തിക്കുകയായിരുന്നു.

**ഫെബ്രുവരി 8: വടംവലി**

യൂണിയൻെറ ആഭിമുഖ്യത്തിൽ നടത്തിയ ഇൻറർ അസോസിയേഷൻ വടംവലി മത്സരത്തിൽ ഒന്നാം സ്ഥാനം ഫിസിക്സ് അസോസിയേഷനും രണ്ടാം സ്ഥാനം ഇക്കോണമിക്സ് അസോസിയേഷനും കരസ്ഥമാക്കി ഇരു കൂട്ടർക്കും യൂണിയൻെറ അഭിനന്ദനങ്ങൾ.

**ഫെബ്രുവരി 13: ചർച്ച**

'ഗൾഫ് യുദ്ധം' പെട്ടി പുറപ്പെട്ട '91' ൽ യൂണിയൻെറ ആഭിമുഖ്യത്തിൽ 'ലോകസമാധാനവും ചേരിചേരാനയവും' എന്ന വിഷയത്തെ ആസ്പദമാക്കി അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും പങ്കെടുപ്പിച്ച് നടത്തിയ ചർച്ചയ്ക്ക് ഓഡിറേററിയം വേദിയായി.

**ഫെബ്രുവരി 14: നാചചറൽ ക്ലബ് ഉൽഘാടനം**

യൂണിയൻെറ ആഭിമുഖ്യത്തിൽ രൂപീകരിച്ച നാചചർ ക്ലബ്ബിൻെറ ഉൽഘാടനം തൃശൂർ എഞ്ചിനിയറിംഗ് കോളേജിലെ ഡോക്ടർ രാഘവൻനമ്പ്യാർ നിർവ്വഹിച്ചു. ഈ വർഷത്തെ യൂണിയൻ നേരെത്തെ രൂപം കൊടുത്ത മറെറാരു പ്രവർത്തന പദ്ധതിയ്ക്ക് ഭാവം കൈവരുകയായിരുന്നു.

**ഫെബ്രുവരി 15: ചിത്രപ്രദർശനം**

ക്രൈസ്ററ് കോളേജിലെ മുൻ ഫൈൻ ആർട്സ് സെക്രട്ടറിയും പ്രശസ്ത ചിത്രകാരനും ആയ നളിനാക്ഷ

# ENCASHARE

## LOANS AGAINST SHARES

### For the middle class investors

No longer you have to sell your Blue-chips and potential blue-chips just to tide over a temporary financial crunch or investment in new shares. Not when you have access to The South Indian Bank's **'EncaShare'** Loan facility - against the security of the approved shares in your portfolio. You'll retain the ownership and at the same time gain cash and time to set right your finances.

If the idea interests you, the name to remember is **'EncaShare'** — a facility upto Rs. 25000/- obtainable at designated branches of The South Indian Bank Ltd.

### GOOD NEWS TO KUWAIT RETURNEES

*Arrangements made to collect deposits from the following banks :*

1. **Commercial Bank of Kuwait**
2. **Gulf Bank Kuwait**
3. **Bank of Kuwait and the Middle East**

## 'BON VOYAGE LOAN' FACILITY

Rs. 10,000/- to Indians going abroad for employment

**Accepted**

**FCNR Deposits in US$, Stg£, DM, & Jap. Yen.**
**FCNR Deposits in US$ for 5 years.**
**NRE Deposits in Indian Rupees.**

**Chairman**
**K. Cherian Varghese**

The South Indian Bank Ltd

Regd Office Trichur Kerala
302 Branches

*Your interest, above everything else.*

ൻെറ 1987ൽ കേരള ലളിതകലാഅക്കാദമിയുടെ അവാർഡ് നേടിയ ചിത്രങ്ങരം കോളേജ് ഓഡിറേറാറിയത്തിൽ പ്രദർശിപ്പിച്ചു. വിദ്യാർത്ഥികരം ചിന്തയുടേയും കൗതുകത്തിൻെറയും സൗന്ദര്യത്തിൻെറയും അഗാധതയിലേയ്ക്ക് തങ്ങരം അറിയാതെ കടന്ന് പോയ നിമിഷം ആയിരുന്നു അത്.

## ഫെബ്രുവരി 18 'മോക്ക് അസംബ്ളി'

ഇത് വരെ ഒരു കോളേജ് യൂണിയനും എത്താൻ കഴിയാത്ത മേഖലകളിലേയ്ക്ക് കടന്ന് ചെന്നതിൻെറ മികച്ച ഉദാഹരണം ആണ് മോക്ക് അസംബ്ളി.

കേരളത്തിലെ നിയമ നിർമ്മാണ സഭയായ നിയമസഭ അതേപടി അനുകരിച്ച നിമിഷങ്ങരം അയിരുന്നു. മോക്ക് അസംബ്ളിയിൽ, യൂണിയൻ ഭാരവാഹികരം മന്ത്രിസഭ അംഗങ്ങളും കോളേജ് വൈസ് പ്രിൻസിപ്പാരം ഫാദർ തോമാസ് അച്ചാണ്ടി സ്പീക്കറും ക്ലാസ്സ് പ്രതിനിധികരം എം. എൽ. എമാരും ആയി നിയമസഭയുടെ പ്രവർത്തനങ്ങരം അതേപടി പകർത്തിയ നിമിഷങ്ങരം ആയിരുന്നു. അവ കോളേജിലെ മുഴുവൻ വിദ്യാർത്ഥികളുടേയും മുക്തകണ്ഠ പ്രശംസകരം ഏററുവാങ്ങിയ ഒരു പ്രവർത്തനം ആയിരുന്നു അത്.

## ചെസ്സ് ടൂർണ്ണമെൻറ്: ഫെബ്രുവരി 11 മുതൽ 18 വരെ

കോളേജ് യൂണിയൻെറ ആഭിമുഖ്യത്തിൽ നടത്തിയ ചെസ്സ് മത്സരത്തിൽ സുനിൽ റഹ്മാൻ ഒന്നാം സ്ഥാനവും ബിജു കെ ജി രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

## ഫെബ്രുവരി 19ാം തിയ്യതി പഞ്ചഗുസ്തി മത്സരം

കോളേജ് യൂണിയൻെറ ആഭിമുഖ്യത്തിൽ നടത്തിയ മറെറാരു പുതിയ പ്രവർത്തന പരിപാടി ആയിരുന്നു പഞ്ചഗുസ്തി മത്സരം വിദ്യാർത്ഥികളെ ആവേശത്തിൻെറ ഉച്ചകോടിയിൽ എത്തിച്ചു. മത്സരത്തിൽ റോയി കെ. വി ഒന്നാം സ്ഥാനവും ജോസി സി ജെ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

## ഫെബ്രുവരി 20:

## ഇൻറർ കൊളീജിയററ് ഡിബേററ്

ക്രൈസററ് കോളേജ് യൂണിയൻ ഒരുക്കിയ ഓാം കേരള ഇൻറർ കൊളിജിയററ് ഡിബേററ് മത്സരത്തിൽ വിവിധ കോളേജുകളെ പ്രതിനിധികരിച്ച് 15 ഓളം വിദ്യാർത്ഥികരം പങ്കെടുത്തു. വിദ്യാർത്ഥികളെ വല്ലാതെ ആകർഷിച്ച സംവാദത്തിൽ ക്രൈസ്ററ് കോളേജിലെ പ്രശസ്ത വാഗ്മിയും യു: യു: കൗൺസിലറുമായ അബ്രാഹം ജോർജ്ജ് നയിക്കുന്ന സംഘത്തിന് ഒന്നാം സ്ഥാനവും തൃശ്ശൂർ സെൻറ് തോമാസ് കോളേജ് രണ്ടാം സ്ഥാനവും കരസ്ഥാമാക്കി വിജയികരംക്ക് ബഹുമാനപ്പെട്ട പ്രിൻസിപ്പാരം ഫാദർ ജോസ് സ്ററീഫൻ ട്രോഫികരം വിതരണം ചെയ്തു.

## ഫെബ്രുവരി 20 ഇൻറർ കൊളീജിയററ് ക്വിസ്

കോളേജ് യൂണിയൻെറ ആഭിമുഖ്യത്തിൽ നടത്തിയ അഖില കേരള ഇൻറർ കൊളീജിയററ് ക്വിസ്സ് മൽസരത്തിൽ 9 ടീമുകരം പങ്കെടുത്തു, മൽസരത്തിൽ തൃശ്ശൂർ എഞ്ചിനീയറിങ്ങ് കോളേജ് ഒന്നാം സ്ഥാനവും തൃശ്ശൂർ സെൻറ് തോമസ് കോളേജ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി വിജയികരംക്ക് ബഹുമാനപ്പെട്ട പ്രിൻസിപ്പാരം ഫാദർ ജോസ് സ്ററീഫൻ ട്രോഫികരം സമ്മാനിച്ചു.

## ഫെബ്രുവരി 21 കാമ്പസ് ഉത്സവ്

ക്രൈസ്ററ് കോളേജ് യൂണിയൻെറ ആഭിമുഖ്യത്തിൽ കാമ്പസിന് പുറത്ത് നടന്ന യൂണിയൻ പ്രവർത്തന പരിപാടികളിൽ വളരെ ഏറെ തിളങ്ങി നിന്ന ഒരു ഇനം ആയിരുന്നു കാമ്പസ് ഉത്സവ്. ഈ പുതുപുത്തൻ പരിപാടിയ്ക്ക് കാവടി, ചെണ്ട, നാദസ്വരം എന്നിവയുടെ അകമ്പടിയോടെ ക്രൈസ്ററിലെ വിദ്യാത്ഥികരം സ്വയം മറന്ന് ആനന്ദ ലഹരിയിൽ നൃത്തം ചെയ്ത് നീങ്ങിയപ്പോരം കേരളത്തിൻെറ സാംസ്കാരിക തലസ്ഥാനം ആയ തൃശ്ശൂരിൻെറ ഉത്സവത്തിൻെറയും സാംസ്കാരിക പൈതൃകത്തിൻെറയും കളിതൊട്ടിൽ ആയ ഇരിങ്ങാലക്കുട പട്ടണത്തിലെ നിവാസികരംക്ക് ഇത് ഒരു പുതിയ അനുഭവം തന്നെയായിരുന്നു. വിദ്യാർത്ഥികളുടെ ഈ ആനന്ദ ലഹരിയിൽ പട്ടണവാസികളും സ്വയം മറന്ന് കൊണ്ട് പങ്ക് കൊണ്ടപ്പോരം തങ്ങളുടെ ഒരു പരിപാടിയിൽ നാട്ടു

കാരെ കൂടി പങ്കെടുപ്പിയ്ക്കാൻ കഴിഞ്ഞതിലുള്ള ചാരിതാർഥ്യമായിരുന്നു യൂണിയന്.

**ഫെബ്രുവരി 22 സേവ് ഓയിൽസേവ് ഇന്ത്യാ ഡേ**

രൂക്ഷമായ പെട്രോളിയം ഉൽപന്നങ്ങളുടെ ക്ഷാമത്തെ തുടർന്ന് ഇന്ത്യയിലും പ്രത്യേകിച്ച് കേരളത്തിലും അനുഭവപ്പെട്ട പെട്രോൾ – ഡീസൽ ക്ഷാമത്തിന് എതിരെ പ്രതികരിച്ച യൂണിയൻ, കോളേജിലെ വിദ്യാർത്ഥികളെയും അദ്ധ്യാപകരേയും അനദ്ധ്യാപകരേയും ഉൾപ്പെടുത്തി കൊണ്ട് ഫെബ്രുവരി 22ാം തിയ്യതി കോളേജിൽ മോട്ടോർ വാഹനങ്ങൾ ഉപയോഗിക്കാതിരിക്കുകയും പെട്രോളിൻെറയും ഡീസലിൻെറയും ക്ഷാമത്തെ കുറിച്ചും പ്രാധാന്യത്തെ കുറിച്ചും വിദ്യാർത്ഥികളെയും നാട്ടുകാരെയും ബോധവാൻമാർ ആക്കുകയും ചെയ്തു.

ഇതേ വിഷയത്തിൻെറ പ്രാധാന്യം ബോധ്യപ്പെടുത്താൻ തൃശൂർഭാഗത്ത് നിന്ന് വരുന്ന വിദ്യാർത്ഥികളുടെ ആഭിമുഖ്യത്തിൽ നടത്തിയ പരിപാടിയെ യൂണിയൻ അഭിനന്ദിക്കുകയാണ്.

**ഫെബ്രുവരി 18 മുതൽ 22 വരെ ഇൻറർ അസോസിയേഷൻ ഫുട്ബോൾ മൽസരം**

കോളേജ് യൂണിയൻെറ ആഭിമുഖ്യത്തിൽ നടത്തിയ ഇൻറർ അസോസിയേഷൻ ഫുട്ബോൾ മൽസരത്തിൽ മററ് ഗെയിംസുകളിൽ ഒക്കെ റണ്ണേഴ്സ് അപ്പായ ഇക്കണോമിക്സ്, ഫുട്ബോൾ മൽസരത്തിൽ വിജയികളായി. രണ്ടാം സ്ഥാനം സെക്കൻെറ് പ്രീഡിഗ്രിക്കും ലഭിച്ചു.

**ഫെബ്രുവരി 19 മുതൽ 22 വരെ ഇൻറർ അസോസിയേഷൻ ബാസ്ക്കററ് ബോൾ മൽസരം**

നമ്മുടെ കോളേജിൽ പ്രാധാന്യം നഷ്ടപ്പെട്ട് കിടന്നിരുന്ന ബാസ്ക്കററ് ബോളിനെ പുനർജീവിപ്പിക്കുന്നതിൻെറ ഭാഗമായി യൂണിയൻ നടത്തിയ ഇൻറർ അസോസിയേഷൻ ബാസ്ക്കററ്ബോൾ മത്സരത്തിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ഒന്നാം സ്ഥാനവും ഇക്കണോമിക്സ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

**ഫെബ്രുവരി 28 ചൊൽകൂത്ത്**

ക്രൈസ്ററിൻെറ ചരിത്രത്തിൽ ഒരു യൂണിയനും

Best compliments from:

FOR PROFITABLE MILK YIELD

"K. S. KATTLEFEED"

FOR MILCH ANIMALS OVER 10 LITERS

**K. S. 'SUPER'**

'JERSEY BRAND COPRA CAKE'

Rich in Protein and Stays Fresh

MANUFACTURERS:-

**KERALA SOLVENT EXTRACTIONS LTD.,**

IRINJALAKUDA

PHONE: 2451 ( 3 lines)

TELEX : 0887-217.

GRAMS 'SOLVENT'

കാഴ്ചവെയ്ക്കാൻ സാധിച്ചിട്ടില്ലാത്ത ഒരു പുതുപുത്തൻ പരിപാടി ആയിരുന്നു. 'ചൊൽകൂത്ത്' കോഴിക്കോട് നിന്ന് വന്ന 15 അംഗസംഘം കവിതകൾ ചൊല്ലി അത് നാടക രൂപത്തിൽ അഭിനയിച്ച് ക്രൈസ്ററിലെ വിദ്യാർത്ഥികളെ നർമ്മത്തിലും ഹാസ്യത്തിലും ലയിപ്പിച്ചപ്പോൾ വിദ്യാർത്ഥികൾക്ക് ഹൃദ്യമായി എന്ന് പറയാതെ തരമില്ല.

## ഫെബ്രുവരി 25 കവിയരങ്ങ്

കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കവിയരങ്ങ് പ്രശസ്ത കവിയും കോളേജിലെ പ്രൊഫസറുമായ ശ്രീ. സച്ചിദാനന്ദൻ ഉൽഘാടനം ചെയ്തു. സച്ചിദാനന്ദന് പുറമെ, പ്രശസ്ത യുവകവിയായ കെ. വി. ബേബി നമ്മുടെ കോളേജിലെ പ്രൊഫസർ കെ. ജെ. ജോസഫ് പ്രൊഫസർ ടി. വി. മാധവൻ എന്നിവരെ കൂടാതെ കാമ്പസിലെ യുവകവികളും കവിയരങ്ങിൽ പങ്കെടുത്തു.

## ഫെബ്രുവരി 27, 28 മാർച്ച് 1, 2 ഡിസോൺ കലോത്സവം

കോഴിക്കോട് സർവ്വകലാശാല യൂണിയന്റെ ആഭിമുഖ്യത്തിൽ തൃശൂർ സെൻറ് തോമസ് കോളേജിൽ വെച്ച് നടന്ന ഡിസോൺ കലോൽസവത്തിൽ തൃശൂർ ജില്ലയിലെ മിമിക്സ് കോളേജുകൾ അടക്കമുള്ള എല്ലാ കലാലയങ്ങളെയും പിൻതള്ളി ക്രൈസ്ററ് അസൂയാവഹമായ വിജയം നേടി. സാഹിത്യാ – കലാമത്സരങ്ങളിൽ ഏററവും അധികം വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ ഫൈൻ ആർട്സ് സെക്രട്ടറി ഗോപകുമാർ. പി. എൻ. നടത്തിയ പരിശ്രമം കഴിഞ്ഞ വർഷം നമുക്ക് നഷ്ടപ്പെട്ട ഓവറോൾ ചാമ്പ്യൻഷിപ്പ് തിരിച്ച് പിടിയ്ക്കാൻ കാരണമായി. ഡിസോണിന്റെ നടത്തിപ്പിനേയും പററി എല്ലാവർഷവും കേട്ട് വരാറുള്ള പരാതികൾ നമ്മെ സംബന്ധിച്ചിടത്തോളം ഈ വർഷവും നമ്മെ ദുരന്തനുഭവമായി വേട്ടയാടിയിട്ടും ക്രൈസ്ററിന്റെ മക്കൾ എല്ലാ അഗ്നിപരീക്ഷകളെയും അതിജീവിച്ച് ട്രോഫി മാറോടടക്കി. ക്രൈസ്ററിന്റെ ഡിസോൺ വിജയത്തിന്റെ പുറകിൽ പ്രവർത്തിച്ച കോളേജിലെ ഗുരുനാഥൻമാരായ കോമേഴ്സ് ഡിപ്പാർട്ട്മെൻററിലെ മാധവൻസാറിനേയും ഫ്രാൻസിസ്സാറിനേയും യൂണിയൻ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുകയാണ്,

## ജനുവരി 31 മുതൽ ഫെബ്രുവരി 15 വരെ ക്രിക്കററ് ടൂർണ്ണമെൻറ്

ജനുവരി 31 മുതൽ ഫെബ്രുവരി 15 വരെ കോളേജ്

ഗ്രൗണ്ടിൽ ഇൻറർ അസോസിയേഷൻ ക്രിക്കററ് മത്സരം നടന്നു. മത്സരത്തിൽ രണ്ടാം വർഷ പ്രീഡിഗ്രി വിദ്യാർത്ഥികൾ ചേട്ടൻമാരെ പിൻതള്ളി ഒന്നാം സ്ഥാനം നേടി. ഇക്കണോമിക്സ് അസോസിയേഷൻ തന്നെയായിരുന്നു ഇവിടെയും രണ്ടാം സ്ഥാനം.

**ഫെബ്രുവരി 26 മുതൽ 28വരെ ഷട്ടിൽ ടൂർണ്ണമെൻറ്**

യൂണിയൻ സംഘടിപ്പിച്ച ഷട്ടിൽ മത്സരം പ്രഗൽഭ താരങ്ങളെ കണ്ടെത്താൻ അവസരം നൽകി.

**ഫെബ്രുവരി 28 സ്പോർട്സ് ഡേ**

ക്രൈസ്ററ് കലാലയത്തിൻെറ കായിക ലോകത്തിന് സുവർണ്ണ മുദ്രകൾ പതിച്ച ദിവസം ആയിരുന്നു ഫെബ്രുവരി 28;

**മാർച്ച് 6 ഓൾ കേരള ഇൻറർ കോളേജിയററ് ലളിതഗാന മത്സരം**

ഈ വർഷത്തെ യൂണിയൻ സംഘടിപ്പിച്ച ഓാം കേരള ഇൻറർ കൊളജിയററ് ലളിതഗാന മത്സരത്തിൽ ക്രൈസ്ററ് കോളേജിലെ ഫൈൻ ആർട്സ് സെക്രട്ടറി ഒന്നാം സ്ഥാനവും ശ്രീ കേരളവർമ്മ കോളേജിലെ അനു എം. രണ്ടാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് യൂണിയൻെറ അഭിനന്ദനങ്ങൾ. വിജയികൾക്ക് കോളേജു പ്രിൻസിപ്പാൾ സമ്മാനദാനം നടത്തി.

**മാർച്ച് 6 ഓൾകേരള ഇൻറർ കോളേജിയററ് ശാസ്ത്രീയസംഗീത മത്സരം**

യൂണിയൻ സംഘടിപ്പിച്ച ഓാം കേരള ഇൻറർ കൊളേജിയററ് ശാസ്ത്രീയ സംഗീത മത്സരത്തിൽ ശ്രീ കേരള വർമ്മ കോളേജിലെ അനു എം ഒന്നാം സ്ഥാനവും തൃശ്ശൂർ എഞ്ചിനിയറിങ്ങ് കോളേജിലെ ഗീത വി രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

**മാർച്ച് 7 ശരീര സൗന്ദര്യ മത്സരം**

മിസ്ററർ ക്രൈസ്ററിനെ തിരഞ്ഞെടുക്കാൻ യൂണിയൻ നടത്തിയ ശരീര സൗന്ദര്യ മത്സരത്തിൽ പ്രദീപ് കെ ഒന്നാം സ്ഥാനവും ജോസ് പി. ജെ രണ്ടാം സ്ഥാന

വും ഡാനി ജോസഫ് മൂന്നാം സ്ഥാനവും നേടി.

**മാർച്ച് 7: അദ്ധ്യാപകരും അനദ്ധ്യാപകരും തമ്മിലുള്ള ഫുട്ബോൾ മത്സരം**

അദ്ധ്യാപകരും അനദ്ധ്യാപകരും തമ്മിൽ നടന്ന ഫുട്ബോാം മത്സരം വിദ്യാർത്ഥികാംക്ക് നയനാനന്ദം പകർന്നു.

**മാർച്ച് 7 ക്രോസ് കൺട്രി മത്സരം**

ലോക സമാധാനത്തിനായി യൂണിയൻ നടത്തിയ ക്രോസ്കൺട്രി മത്സരത്തിൽ പോളി ഫ്രാൻസിസ് ഒന്നാം സ്ഥാനവും ജോജി വർഗീസ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

**ഫൈൻ ആർട്സ് രംഗത്ത് പുതുജീവൻ**

ഈ വർഷത്തെ ഫൈനാർട്ട്സിന്റെ പ്രർത്തനങ്ങളുടെ ആദ്യപടി വിദ്യാർത്ഥികളെ വാദ്യഉപകരണങ്ങാം പരിശീലിപ്പിക്കൽ ആയിരുന്നു യൂണിയന്റെ സഹായത്താൽ ക്ലബ് സംഘടപ്പിച്ച തബല ക്ലാസ്സ്,ഹാർമോണിയം ക്ലാസ് മുതലായവ പരമാവധി വിദ്യാർത്ഥികാംക്ക് പ്രയോജനം നൽകി. ക്രൈസ്ററ് കോളേജിന്റെ പേരും പെരുമയും പുറത്ത് അറിയ്ക്കുന്നതിന് ക്ലബിന്റെ അഭിമുഖ്യത്തിൽ യൂണിയന്റെ സഹായത്തോടെ ഒരു ഓർക്കസ്ട്ര ട്രൂപ്പിന് ജൻമം നൻകി.

**ഫോട്ടോ ഗ്രാഫി പരിശീലനം**

നാളിതുവരെ ഒരു യൂണിയനും പ്രവർത്തിയ്ക്കാൻ ധൈര്യപ്പെട്ടിട്ടില്ലാത്ത ഒരു മേഖലയിലേയ്ക്ക് ധൈര്യമായി കടന്ന് ചെന്നതിന്റെ മികച്ച ഉദാഹരണം ആണ് കോളേജിലെ നിരവധി വിദ്യാർത്ഥികാംക്ക് വേണ്ടി യൂണിയന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഫോട്ടോഗ്രാഫി ക്ലാസ്

സ്ററാഫ്

അഡ്വൈസറും ഫൈൻ ആർടസ് കോ– ഓർഡിനേററർ ആയ എ. ടി മാത്യൂ സാറിന്റെ കർമ്മനിരതയ്ക്ക് മുന്നിൽ ഞങ്ങാം നന്ദിക്കുവേണ്ടിയുള്ള വാക്കുകാംക്കായി പരതുന്നു. യൂണിയന്റെ ഒരു മുഴുവൻ പ്രവർത്തകരായി മാറിയ കോമേഴ്സ് ഡിപ്പാർട്ട്മെൻറിലെ ഫ്രാൻസിസ് സാറിനേയും ഞങ്ങാംക്ക് മറക്കാനാവില്ല. നമ്മുടെ

*With best compliments from:*

*Alengaden's*

## M/S. A. K. P. METALS & WARES

COPPER, BRASS, STAINLESS STEEL, ALUMINIUM UTENSILS & OTHER
HOUSE HOLD ARTICLES
POST OEFICE ROAD
**THRISSUR - 680 00I**

**Enterprised by:**

**M/S. A. K. P. METALS & ALLOYS**

Rolling, Pressing & Spinning Mills
Christ College Road. P. O. Box No. 24
**IRINJALAKUDA - 680 121**

PHONE: 2777 OFF.
2444 RES.

Telegram: ALENGADENS

**M/S. ALEGADEN'S VESSELS HOUSE**

MAIN ROAD, P. B. NO. 24
**TANA, IRINJALAKUDA - 680 121**

Phone: 2777 Shop.
3040 Res.

Telegram: ALENGADENS

---

Tel: Champion Phone 2235 & 2605

## CHAMPION FIREWORKS INDUSTRIES

Post Box No. 4
IRINJALAKUDA - 680 121 (S. INDIA)

---

*Best compliments from:*

## C. V. Chacko

Hardware & Paint merchants Iron & Steel
**Market Road Irinjalakuda**

Phone: 2314

കലാലയത്തിലെ ജീവനക്കാരനായ ശ്രീ. വി. രാമകൃഷ്ണൻ ഫൈൻ ആർട്സ് രംഗത്ത് നമ്മുടെ കലാലയത്തിന് തന്നെ ഒരു മുതൽകൂട്ടാണ്.

**മാർച്ച്- 8; 'കോളേജ് ഡേ'**

ഒരു വർഷത്തെ കോളേജ് യൂണിയന്റെ പ്രവർത്തനങ്ങൾക്ക് തിരശീല വീണുകൊണ്ട് മാർച്ച് 8-ാം തിയ്യതി പ്രശസ്ത സാഹിത്യകാരിയായ ഡോക്ടർ. M. ലീലാവതിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ബഹു; പ്രിൻസിപ്പാൾ കോളേജ് റിപ്പോർട്ടും കോളേജ് യൂണിയൻ ജനസെക്രട്ടറി യൂണിയൻ റിപ്പോർട്ടും അവതരിപ്പിച്ചു. കലാലയത്തിലെ നൃത്തകലാകാരൻമാർ അവതരിപ്പിച്ച സംഘനൃത്തം ചടങ്ങിന് മിഴിവേകി.

കോളേജ് ദിനാഘോഷങ്ങളുടെ സമാപനം കുറിച്ച് കൊണ്ട് സായംസന്ധ്യായിൽ പ്രശസ്ത പിന്നണി ഗായകൻ തോപ്പിൽ ആന്റോ നയിച്ച 'കൊച്ചിൻ ബാൻഡോർ ഓർകസ്ട്ര' ഉണ്ടായിരുന്നു.

**1991 മാർച്ച് 9, 10, 11, 12' ഇന്റർസോൺ കലോത്സവം പാലക്കാട്**

മാർച്ച് 9, 10, 11, 12, തിയ്യതികളിൽ പാലക്കാട് വെച്ച് കോഴിക്കോട് സർവകലാശാല യൂണിയന്റെ ഇന്റർസോൺ കലലാത്സവം നടന്നു.

ക്രൈസ്റ്റ് കോളേജിലെ പ്രതിഭകൾ മികവുററ പ്രകടനം കാഴ്ചവെച്ചു സമ്മാനർഹരായ പ്രതിഭകൾക്ക് കോളേജ് യൂണിയന്റെ അഭിനന്ദനങ്ങൾ.

---

*''സർവ്വത്തിന്റെയും നിയന്താതാവും സകലത്തിന്റെയും ആന്തരിക ചൈതന്യവുമായവൻ തന്നിൽ വസിക്കുന്നുവെന്ന് ഗ്രഹിക്കുകയാണ് ഉദാത്ത സന്തോഷം.''*

– കഠോപനിഷത്ത്

# Retired



**Prof. P. A. Thomas**
English Department

The retirement of Prof. P. A. Thomas, Head of the Department of English, on 31st March, 1991, brings to an end 28 years of distinguished Service to Christ College. Hailing from Chalakkudy, Prof. P. A. Thomas took his M. A. from Nagpur university and joined S. H. College. Thevara in 1962. A year later, in 1963 he moved to Christ College. During his 28 years of committed service in this College, he has shouldered the responsibilities of a warden, the staff-Advisor, the Magazine Editor and, above all the head of the Department of English. He has stood shoulder to shoulder with the college management in literally building up this institution, which was but a fledgling when he joined it. Indeed, he had broad shoulders! the Management the staff and the students will certainly miss him. we wish him all happiness in his retired life.

# Retired



**Prof. Peace Johnson**
Zoology Department

Prof. Peace Johnson joined the Zoology Department, Christ College in June 1965 and after a meritorious service of 25 years he took leave off from active service in June 1991.

1967 he represented Christ College Zoology Department in the Summer Institute for Animal Physiology organised by Kerala University.

1968 to 1971 he was in Dalhousie University, Canada on a Commonwealth Scholar ship to familiarise with higher training in-research methods.

He was an active participant in the Summer Institute for high school teachers organised by Christ College Zoology Department. He was the teacher in charge of Fine Arts of Christ College for about 6 years.

1978 to 1981 he was in Nigeria taking a teaching assignment in the Education Ministry of Nigeria.

He was the man who organised an OPEN HOUSE in the Zoology Department by which the high school and college students in and around Irinjalakuda could experience and know personally many biological phenomena.

About 9 research publications. are there on his credit which are published in reputed international journals. The field being genuine and fertile he is at present considered almost an authority on Indian Sipunculids.

He retired as professor and Head of the Department.

# നേട്ടങ്ങളുടെ വെന്നിക്കൊടിയുമായി ഫൈനാർട്ട്സ് ക്ലബ്ബ്

മുൻവർഷത്തെ D, Zone-ൽ ഏറെ പിൻതള്ളപ്പെട്ട – ക്രൈസ്റ്റിന്റെ – നഷ്ടപ്പെട്ട D. Zone കിരീടം വീണ്ടെടുത്ത വർഷം. ഫൈൻ ആർട്ട്സ് സെക്രട്ടറി ഗോപകുമാറിന്റെ നേതൃത്വത്തിൽ അധ്യാപക അനധ്യാപകരുടെ സഹകരണത്താൽ ക്രൈസ്റ്റിന്റെ മക്കൾക്ക് ഈ പൊൻകിരീടം നേടിയെടുക്കാൻ സമ്മാനങ്ങളിലൂടെ പോയിന്റുകൾ വാരിക്കൂട്ടി കിരീടത്തിൽ മുത്തുകൾ പതിച്ചവർ........... ഇവർ........... ഇവർക്ക് അഭിനന്ദനങ്ങൾ........ അനുമോദനങ്ങൾ...........

ITEM — PLACE — POINT

**1. ESSAY WRITING**

a. Malayalam (Jr)—Sajeesh. M. S. (II PDC) III 1
b. Arabic (Sr)—Gorashi Dafa Alla yous if (III Bsc) IInd 3
c. Sanskrit (Jr)—Rajesh M. (I PDC) IInd 3
Sanskrst (Jr)—Harsdasan V. (II PDC) Ist 5
d· Tamil (Jr)—Thomas. M. D. (II PDC) IInd 3

**2. STORY WRITING**

a. Malyalam (Jr) Ramachandran K. (II PDC) IInd 3
Malayalam (Sr) Premlal. P. u. (II DC) IInd 3
b. English (Sr) Seejo. P. (I BSc) Ist 5
c. Sanskrrit (Jr) Haridasan. V. (II PDC) Ist 5
Sanskrit (Jr) Rajesh. M. (I PDC) IInd 3
d. Tamil (Sr) Radhakrishan K. (I Bsc) IIIrd 1
a. Malayalam (Sr) Varghese. P. O. (I Bsc) Ist 5
Malayalam (Sr) Premlal. P. G. (IIBsc) IInd 3
b. Tamil (Jr) Thomas M. D. IIIrd 1

**VERSIFICATION:**

a. Hindi (Jr) Padmaraj. R. (II PDC) Ist 5
b. English (Jr) Devudas kriehnan (I PDC) 3rd 1
c. Arabic (Sr) Ismail Ahamed Badi (III Bsc) 2nd 3
Arabic (Sr) Gorashi pata Alla yousif (III Bsc) 3rd 1
d. Sanskrit (Jr) Haridasan (II PDC) 1st 5
Sanskriit (Jr) Rajesh M. (I PDC) 2nd 3
e. Tamil (Jr) Thomas M. D. (II PDC) 2nd 3

**ELOCUTION:**

a. Hindi (Jr) Padmaraj R. (II PDC) 2nd 3
b. Arabic (Sr) Ismail Ahamed Badi (III Bsc) 1st 5
Arabic (Sr) Gorashi Dafa Alla Yousif (III Bsc) 2nd 4
c. Urudu (Jr) Devadas Krishnan (I PDC) 1st 5
d. Tamil (Jr) Thomas M. D. (II PDC) 3rd 1

**OIL COLOUR**

Anilkumar P. K. (I PDC) 1st 5

ITEM — PLACE — POINT

**PENCIL DRAWING**

Anilkumar P. K. (I PDC) 2nd 3

**STAGE ITEMS**

**TABALA**

Rajesh V. (II PDC) 2nd 3

**MRIDAMGAM**

Sajith A. P. (III Bsc) 1st 5

TRIPPLE DRUM

Thomas T. A (I PDC) 2nd 3

JAZZ

Robinse K. P. (I PDC) 2nd 3

KATHAKALI

Ajith N. (II B com) 2nd 3

FOLK DANCE

Rajesh K. U. (III B A) 1st 5
Jaison P. K. (II B A) 3rd 1

GROUP DANCE

Rajesh K. U. & Party 1st 8

KOLKALI

Roy M. K. & Party 1st 8

OPPANA

Bharathan K. V. & party 1st 10

Fine arts Conducted the following class for students
(1) Tabala (2) Harmonium

DUFFMUTTU

Antony E. X. & Party 1st 10

TABLAEU

Baiju & Party 2nd 6

VIOLIN

Santhosh Paul (I PDC) 3rd 1
Best Actor (selected from Hindi drama)
Harish Maliekkal (II Bsc)

TOTAL POINTS — OFFSTAGE — 91
STAGE — 66
157

ഈ വിജയത്തിൽ മതിമറന്നാഹ്ലാദിക്കുമ്പോൾ ഇതിനു പിന്നിൽ വിയർപ്പൊഴുക്കിയ ഓഫീസ് സ്റ്റാഫ് V. രാമകൃഷ്ണൻ, ടീച്ചിംഗ് സ്റ്റാഫ് കോമേഴ്സ് ഡിപ്പാർട്ട്മെൻറിലെ ശ്രീ. T. V. മാധവൻ. ശ്രീ. K. O. ഫ്രാൻസിസ്, ശ്രീ. A. T. മാത്യു എന്നിവരെ നന്ദിയോടെ സ്മരിക്കുന്നു.



Fine Arts day
Sri. Chummar Choondal
Inaugurate the Function







# എൻ. സി. സി. റിപ്പോർട്ട് 1990 - '91

ഇന്ത്യയിലെ തന്നെ ഏററവും നല്ല എൻ. സി. സി. കമ്പനി എന്ന് വിശേഷിപ്പിക്കാവുന്നബഹുമതികളാണ് ഇക്കൊല്ലം നമ്മുടെഎൻ.സി സി നേടിയിരിക്കുന്നത്. നമ്മുടെമൂന്നുകേഡററുകൾ ഇക്കൊല്ലംന്യൂഡൽഹിയിലെ റിപ്പബ്ലിക്ക്ഡെ പരേഡിൽ പങ്കെടുത്തു. മൂന്നുകേഡററുകളെ ഒരേകൊല്ലം റിപ്പബ്ലിക്ക് ഡെ പരേഡിൽ പങ്കെടുപ്പിച്ച മറു കോളേജുകളുണ്ടെങ്കിൽ തന്നെ അവ എൻ. സി. സി. യുടെ ചരിത്രത്തിൽ വളരെവിരളമായിരിക്കും. കുടാതെ തുടർച്ചയായി നാലാം കൊല്ലമാണ് നമ്മുടെ കേഡററുകൾ ആർ. ഡി. പരേഡിൽ പങ്കെടുക്കുന്നതു്. ഇക്കൊല്ലത്തെ ആർ. ഡി. പരേഡിൽ പങ്കെടുത്ത അണ്ടർ ഓഫീസർ ലിജു. എ. തറയിൽ, കോർപ്പറൽ മാരായ ബിനോയ് പി. ആർ., ഷിബു ടി.ഡി. എന്നിവർ പ്രത്യേക അഭിനന്ദനമർഹിക്കുന്നു,

ഫയറിങ്ങ്മൽസരത്തിൽ ഒന്നാംസ്ഥാനം നേടിയ ബിജോയ് പി. ആർ. കേരളത്തെ പ്രതിനിധീകരിച്ച് ന്യൂഡൽഹിയിൽ നടന്ന ബെയ്സിക്ക്ലീഡർഷിപ്പ് ക്യാമ്പിൽ പങ്കെടുത്തു. കേരളകണ്ടിൻജെൻറ്കമാൻർ ക്യാപ്ററൻ ഇ, ടി. ജോൺ, കോർപ്പറൽമാരായ ആൻറണി ഇ. എക്സ, ശിവൻ കെ. കെ. എന്നിവർ ന്യൂഡൽഹിയിലെ ഗേരിഡൺ പരേഡ്ഗ്രൗണ്ടിൽ നടന്ന ബെയ്സിക്ക് ലീഡർഷിപ്പ് ക്യേമ്പിൽ പങ്കെടുത്തു. അങ്ങനെ ഈ അദ്ധ്യയനവർഷം തന്നെ നമ്മുടെ കോളേജിൽ നിന്നു് ഏഴുപേർ ഇന്ത്യയുടെ തലസ്ഥാനനഗരിയായ ന്യൂഡൽഹിയിൽ കേരളത്തെ പ്രതിനിധീകരിച്ച് നമ്മുക്ക് പ്രശസ്തി നേടിതന്നു.

കോർപ്പറൽ ജിപ്സൻ കെ. ജോൺഡെഹ്റാഡൂണിൽ നടന്ന അഡ്വാൻസ്ഡ്ലീഡർഷിപ്പ് കോഴ്സ വിത്ത് റോക്ക് ക്ലൈമ്പിങ്ങിൽ പങ്കെടുത്തു. അണ്ടർഓഫീസർ ഹാരീഷ് മാളിയേക്കൽ തിരുപതിയിൽനടന്ന അഡ്വാൻസ്സ്ലീഡർഷിപ്പ്കോഴ്സിൽ പങ്കെടുത്തു. വെല്ലിംഗ്ടണിലെ മദ്രാസ് റെജിമെൻറൽസെൻററിൽ നടന്ന ആർമിഅററാച്ച്മെൻറ് ക്യേമ്പിൽ നമ്മുടെ എൻ. സി. സി. ഓഫീസർ ക്യേപ്ററൻ ഇ. ടി. ജോൺ കേരള കണ്ടിൻ ജെൻറ് കമാൻററായി പങ്കെടുത്തു. അണ്ടർഓഫീസർ ലിജു എ, തറയിൽ, സെർജൻറ് ജോസ് സി. ഡി , കോർപ്പറൽമാർായ ജിപ്സൻ കെ ജാൺ, സജീവ്കുമാർ എൻ. എന്നിവർ ഈ ക്യേമ്പിൽ പങ്കെടുത്തു.

അളഗപ്പനഗർ പോളിടെക്നിക്കിൽ നടന്ന രണ്ട് കമ്പയിൻറ് ഓഫവിങ്ങ് ആന്വൽട്രെയിനിങ്ങ് ക്യേമ്പുകളിലായി 24 കേഡററുകളും കൊടുങ്ങല്ലൂർ ക്യേമ്പിൻ 12 കേഡററുകളും, രാമവമ്മപുരം ക്യേമ്പിൽ 20 കേഡററുകളും കൊടകര ക്യേമ്പിൽ 30 കേഡററുകളും പങ്കെടുത്തു. ഈ ക്യാമ്പുകളിലെല്ലാം വിവിധ മത്സരങ്ങളിൽ നമ്മുടെ കേഡററുകൾ ധാരാളം സമ്മാനങ്ങൾ നേടുകയുണ്ടായി.

40 കേഡററുകളെ പങ്കെടുപ്പിച്ചുകൊണ്ട് അതിരപ്പിള്ളിയിലേക്ക് സാഹസിക സൈക്കിൾ യാത്ര നടത്തി ഇക്കൊല്ലാം 42 കേഡററുകൾ 'ദ' സർട്ടിഫിക്കററ് പരീക്ഷപാസ്സായി ഇതും ഇന്ത്യയിലെ തന്നെ ഒരു റെക്കോർഡ് വിജയമാണു്. രക്തദാനം, സാമൂഹ്യസേവനം എന്നിവ പതിവുപോലെ നടത്തി. റിപ്പബ്ലിക്ക് ഡെ റാലിയിൽ നമ്മുടെ കമ്പനി ഒന്നാം സ്ഥാനം നേടി. O

ഈ റിപ്പോർട്ട് നിങ്ങളുടെ മുൻപിലവതരിപ്പിക്കുമ്പോൾ ഉത്ഘാടനവിളംബരത്തിൽ പറഞ്ഞിരുന്ന 'സ്നേഹാധിഷ്ഠിതവും നീതിയുക്തവുമായ ഒരു സമൂഹസൃഷ്ടിയ്ക്ക്' എന്നവാചകം ഓർമ്മവരികയാണ്. അത്തരമൊരു സമൂഹം കാലക്രമത്തിൽ നേടിയെടുക്കേണ്ടതാകയാൽ അതിനുവേണ്ടി ഒരു വിദ്യാർത്ഥി സമൂഹത്തെ തട്ടിയുണർത്താൻ ഒരു വർഷത്തെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടില്ലെ എന്ന് ഈ റിപ്പോർട്ടിലൂടെ കടന്നുപോകുമ്പോൾ നിങ്ങൾ വിലയിരുത്തുമല്ലൊ?

1990 മാർച്ച് 21-ാം തിയ്യതി ഫാ. ഫ്രാൻസീസ് കുരിശ്ശേരിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് പ്രവർത്തനവർഷത്തേക്കുള്ള ഭാരവാഹികളായി താഴെ പറയുന്നവരെ ഐക്യകണ്ഠേന തെരെഞ്ഞെടുത്തു.

പ്രസിഡൻറ് – സെബി ജോസഫ്

സെക്രട്ടറി – സജയൻ ജോസഫ്

ട്രഷറർ – റോബിൻ ചിറയത്ത്

വൈസ്പ്രസിഡൻറ് – അലക്സ് വർഗീസ്

ജോയിൻറ് സെക്രട്ടറി – ബിജു ജോസഫ്

# 2

# സി. എസ്. എ. റിപ്പോർട്ട് 90 - '91

ജൂലൈ 10-ാം തിയ്യതി കൂടിയ യോഗത്തിൽ വച്ച് അഡ്വൈസറായിരുന്നഫാ.ഫ്രാൻസീസ് കുരിശ്ശേരിയ്ക്ക് നന്ദിപറയുകയും പുതിയ അഡ്വൈസറായ ഫാ ആൻറണി കുററിക്കാട്ടിലിന് സ്വീകരണം നൽകുകയും ചെയ്തു. ജോലികിട്ടി ട്രഷറർ സ്ഥാനത്തുനിന്നും വിരമിച്ച റോബിൻെറ സ്ഥാനത്തേയ്ക്ക് ഷാജുതോമസ് അമ്പൂക്കനെ തെരെഞ്ഞെടുത്തു.

ജൂലൈ 13-ാം തിയ്യതി "ക്രിസ്തുവിൻെറ സാന്നിദ്ധ്യം അനുഭനിച്ചറിഞ്ഞ് ആദ്ധ്യാത്മിക പഠനത്തിന് തുല്യപ്രാധാന്യം നൽകി വളരാൻ" ആഹ്വാനം ചെയ്തുകൊണ്ട് ഇരിങ്ങാലക്കുട രൂപതാ മെത്രാൻ ഡോ. ജെയിംസ് പഴയാററിൽ ഈ വർഷത്തെ പ്രവർത്തനങ്ങൾ വിളക്കുകൊളുത്തി ഉത്ഘാടനം ചെയ്തു അതിനു മുൻപ് 10-ാം തിയ്യതി 1-ാം വർഷ പ്രീഡിഗ്രി വിദ്യാർത്ഥികളെ സ്വാഗതം ചെയ്യുന്നതിനായി ഞങ്ങൾ ഒരു പ്രാർത്ഥനായോഗം സംഘടിപ്പിക്കുകയുണ്ടായി.

### ആദ്ധ്യാത്മിക വളർച്ചയ്ക്ക്:

ജൂലൈ 13, 14, 15 തിയ്യതികളിൽ കോളേജ് ചാപ്പലിൽ വച്ച് പ്രൊഫ. എഡ്വേർഡിൻെറയും ഫാ. സെബാസ്ററ്യൻ അമ്പൂക്കൻെറയും നേതൃത്വത്തിൽ നടന്ന ധ്യാനം പ്രീഡിഗ്രി വിദ്യാർത്ഥികളിൽ ആദ്ധ്യാത്മികാനുഭൂതി പകർന്നു നൽകി. നവംബർ 2, 3 തിയ്യതികളിൽ ഡിഗ്രി, പോസ്ററ്ഗ്രാജ്വേററ് വിദ്യാർത്ഥികൾക്കുവേണ്ടി നടത്തിയ ധ്യാനവും എടുത്തുപറയത്തക്കതാണ്. ക്രൈസ്തവജീവിതമെന്നാൽ കുരിശാണെന്നും കുരിശ് വഹിച്ചുകൊണ്ട് വിശുദ്ധിയിലേക്കുയരണമെന്നും ഈ ധ്യാനത്തിൽ വെച്ച് ബിഷപ്പ് ജോസഫ് കുണ്ടുകുളം വിദ്യാർത്ഥികളെ ഉത്ബോധിപ്പിച്ചു. എല്ലാ മാസത്തിലെയും ആദ്യവെള്ളിയാഴ്ച നടത്താറുള്ള ദിവ്യബലിയിലും വെള്ളിയാഴ്ച തോറും നടത്തുന്ന മതബോധ

നക്ലാസുകളിലും ധാരാളം വിദ്യാർത്ഥികൾ പങ്കെടുക്കുന്നു. മതബോധനക്ലാസുകളിൽ ഒന്നും രണ്ടും സ്ഥാനക്കാർക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും, രണ്ടാം വർഷ പ്രീഡിഗ്രി അവസാനവർഷം എന്നീ വിദ്യാർത്ഥികൾക്കുവേണ്ടി സ്വർണ്ണമെഡൽ പരീക്ഷ നടത്തുകയും ചെയ്യുന്നു. നവചേതന എന്ന ലഘുലേഘ വിതരണം ചെയ്തുവരുന്നു.

**ബൈബിൾ ക്വിസ്:**

ബൈബിളിൽ അറിവു വർദ്ധിപ്പിക്കുന്നതിനു വിദ്യാർത്ഥികളെ പ്രേരിപ്പിക്കുന്നതിനുവേണ്ടി ഡിസംബർ 11-ാം തിയ്യതി നടത്തിയ ബൈബിൾ ക്വിസിൽ 50ൽപരം പേർ പങ്കെടുത്തു. ക്രിസ്തുവിൽനിന്നും ആവേശം ഉൾക്കൊള്ളുന്ന വിദ്യാർത്ഥിസമൂഹത്തിന്, ക്രിസ്തു ജീവിതത്തിന്റെ സാക്ഷ്യങ്ങളായ സുവിശേഷങ്ങളെ ആഴമേറിയ പഠനത്തിനു വിധേയമാക്കുന്നതിനു ഡിഗ്രി, പോസ്റ്റ് ഗ്രാജേറ്റ് വിദ്യാർത്ഥികൾക്കുവേണ്ടി 'വി. ലൂക്ക കണ്ട യേശു മാനവവിമോചകൻ?' എന്ന വിഷയത്തെക്കുറിച്ചും പ്രീഡിഗ്രി വിദ്യാർത്ഥികൾക്ക് 'ആധുനിക ഭാരതത്തിൽ സുവിശേഷത്തിന്റെ പ്രസക്തി' എന്ന വിഷയത്തെക്കുറിച്ചും നടത്തിയ ഉപന്യാസ രചനാമത്സരങ്ങളിൽ പ്രതീക്ഷിച്ചതിലധികം പ്രതികരണം കണ്ടു.

# C S A

ജൂലൈ 28ന് നടന്ന 'സംഘടനാ പ്രവർത്തനത്തിന്റെ പ്രസക്തി' എന്ന ആദ്യത്തെ ഏകദിന സെമിനാർ ശ്രീ. മോഹൻ കോനിക്കര നയിച്ചു. ഐക്കഫ് ഓറിയൻേറഷനും അദ്ദേഹം നിർവ്വഹിച്ചു.

**വ്യക്തിത്വ വികസനത്തിന്:**

'വ്യക്തിത്വ വികസനവും മനശാസ്ത്രവും' എന്ന വിഷയത്തെക്കുറിച്ച് സെപ്തംബർ 13, 14, 15 തിയ്യതികളിൽ നടന്ന ത്രിദിനക്യാമ്പ് ഫാ. ജോൺ തറയിലും ഫാ. ഫ്രാൻസീസ് കുരിശ്ശേരിയും നയിച്ചു. പങ്കെടുത്തവർക്ക് ഈ ക്യാമ്പ് മറക്കാനാകാത്ത ഒരനുഭവമായി മാറി.

വിവിധ രംഗങ്ങളിൽ കഴിവുററ വിദ്യാർത്ഥികളെ വളർത്തിയെടുക്കുന്നതിനു വേണ്ടി വിവിധ ഫോറങ്ങൾ രൂപീകരിച്ച് പരിശീലനം കൊടുത്തു.

**സിങ്ങേഴ്സ് ഫോറവും സ്പീക്കേഴ്സ് ഫോറവും:**

സ്പീക്കേഴ്സ് ഫോറത്തിന് എല്ലാ ബുധനാഴ്ചയും സിങ്ങേഴ്സ് ഫോറത്തിന് എല്ലാ ചൊവ്വാഴ്ചയും പരിശീലനം കൊടുക്കുന്നു സ്പീക്കേഴ്സ്ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ആഗസ്ററ് 25-ാം തിയ്യതി ഫാ. ജോളി വടക്കന്റെ നേതൃത്വത്തിൽ പ്രസംഗത്തിന്റെ അടിസ്ഥാനവശങ്ങളെകുറിച്ച് നടത്തിയ ഏകദിന സെമിനാർ അംഗങ്ങൾക്ക് വളരെയധികം ഉപകാരപ്രദമായി. നേതൃത്വവികസനത്തെ ലക്ഷ്യം വച്ച് നടത്തിയ 'മൂല്യാധിഷ്ഠിത നേതൃത്വവും പ്രസംഗപരിശീലനവും' എന്ന രണ്ടാമത്തെ ഏകദിനസെമിനാറിൽ വെച്ച് എങ്ങനെ നേതൃത്വത്തിലേക്കുയരണമെന്നും ഒരു നല്ല പ്രാസംഗികനാകണമെന്നും ശ്രീ. ടോം ജോസ് അങ്കമാലി അംഗങ്ങൾക്ക് പരിശീലനം കൊടുത്തു.

CHRIST COLLEGE LIBRARY
ACC. No.
CALL NO.

അടച്ചിട്ടിരിക്കുന്ന ജനവാതിലുകൾ
മലർക്കെ തുറക്കുക -
വെളിയിലേക്കെത്തി നോക്കുക
ജനഹൃദയങ്ങളിൽ അസ്ഥിവാരമിടാത്ത
വ്യവസ്ഥിതികൾ തകർന്നടിയുന്നതും.
ഭൗതികതയിൽ മാത്രം പടർന്നുകയറിയ
പ്രത്യയ ശാസ്ത്രങ്ങൾ വലിച്ചു നീക്കപ്പെടുന്നതും
നിങ്ങൾക്കു കാണാം.

തിരുത്തിയെഴുതപ്പെടുന്ന ചരിത്രതാളുകളിലെ
അക്ഷരങ്ങൾ തേടുന്ന വരോടൊപ്പം
ക്രെസ്റ്റും ഒരു പഠന വർഷംകൂടി
പൂർത്തിയാക്കി കഴിഞ്ഞു.

തനതായ ശൈലിയിൽ കൊയ്തെടുത്ത
അപൂർവ്വ നേട്ടങ്ങൾ-
വീണ്ടും വിളവിറക്കുവാൻ പാകത്തിൽ
മുളപ്പിച്ചെടുത്ത മനസ്സുകൾ-

വിഭവങ്ങൾ ഒട്ടേറെ- അതിനാൽ തന്നെ
എല്ലാമെല്ലാം ക്രമമായിട്ടടുക്കുവാൻ കഴിയാത്ത
കലവറക്കാരന്റെ തിടുക്കത്തോടെ
എന്നാൽ - ഒട്ടൊരു ചാരിതാർത്ഥ്യത്തോടെ
''ക്രെസ്റ്റ്" - 91''
നിങ്ങൾക്കായ് സമർപ്പിക്കുന്നു.



എഡിറ്റർ
എബി പോൾ പുല്ലൻ. II M. Com

## റൈററേഴ്സ് ഫോറവും ആക്ടേഴ്സ് ഫോറവും

റൈററേഴ്സ് ഫോറം രണ്ടാഴ്ചയിലൊരിക്കലൊ മാസത്തിലൊരിക്കലൊ സമ്മേളിച്ച് ഓരോരുത്തരും സ്വന്തം സൃഷ്ടികളവതരിപ്പിച്ച് വിലയിരുത്തുകയും ആനുകാലിക പ്രസക്തിയുള്ള വിഷയത്തെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്യുന്നു.

ആക്ടേഴ്സ് ഫോറവും സിങ്ങേഴ്സ് ഫോറവും എറണാകുളം ടൗൺ ഹാളിൽ വെച്ച് യുവയാത്രയുടെ ആഭിമുഖ്യത്തിൽ സാമൂഹ്യ അനീതി എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന കലാമേളയിൽ പങ്കെടുത്ത് ക്രൈസ്ററ് കോളേജിൻെറ വ്യക്തിമുദ്ര പതിപ്പിക്കുകയും സമ്മാനങ്ങൾ വാരികൂട്ടുകയും ചെയ്തു. സാമൂഹ്യനീതിയെ ആസ്പദമാക്കി ആക്ടേഴ്സ് ഫോറം അവതരിപ്പിച്ച 'മനുഷ്യൻെറ കൈകൾ' എന്ന ഏകാങ്കം ഒന്നാം സമ്മാനം നേടുകയും ഏവരുടെയും പ്രശംസ പിടിച്ചുപററുകയും ചെയ്തു.

## പ്രതിഷേധിച്ചു:

ഗജ്റൗളയിൽ അർപ്പിതർക്കുനേരെ നടന്ന അനിഷ്ഠ സംഭവങ്ങളിൽ പ്രതിഷേധിച്ച് മൗനജാഥ നടത്തി.

## ഒരു പുതിയ ഇന്ത്യക്ക്:

ഭരണഘടനയോട് കൂറ് പുലർത്തുന്ന രാഷ്ട്രത്തോട് അർപ്പണബോധമുള്ള വിദ്യാർത്ഥികളെ സൃഷ്ടിക്കുന്നതിനുവേണ്ടി ആഗസ്ററ് 18-ാം തിയ്യതി പ്രൊഫ. സി. കെ. വർഗ്ഗീസിൻെറ നേതൃത്വത്തിൽ 'ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതകൾ എന്ന ഏകദിന സെമിനാർ നടത്തി. സാമൂഹ്യനീതി നടപ്പാക്കുന്നതിന് ഭരണഘടനാപരമായ സാധ്യതകളെകുറിച്ചുള്ള ചർച്ചയിൽ പങ്കെടുത്ത വിദ്യാർത്ഥികൾ തങ്ങൾ ചിന്താശക്തിയും പ്രതികരണശേഷിയും നഷ്ടപ്പെട്ടവരല്ലെന്ന് തെളിയിക്കുകയായിരുന്നു. ആഗസ്ററ് 14-ാം തിയ്യതി 'ഇന്ത്യൻ മതേതരത്വം എങ്ങോട്ട്? എന്ന ആനുകാലിക പ്രസക്തിയുള്ള വിഷയത്തെകുറിച്ച് നടത്തിയ ഉപന്യാസ രചനാമത്സരത്തിൽ ധാരാളം വിദ്യാർത്ഥികൾ പങ്കെടുത്തു.

CSA

## ലൈംഗിക വിദ്യാഭ്യാസം:

ലൈംഗികതയെകുറിച്ചുള്ള അജ്ഞത യുവാക്കളുടെ ഇടയിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ കണക്കിലെടുത്ത്, ലൈംഗികതയെകുറിച്ചുള്ള തെററിദ്ധാരണകൾ മാററുന്നതിനും ശരിയായ അവബോധം സൃഷ്ടിക്കുന്നതിനും വേണ്ടി നവംബർ 24-ാം തിയ്യതി മനശാസ്ത്രജ്ഞനായ ഫാ. ഫ്രാങ്കോ മാളിയേക്കലും ഡോ. ഡേവീസ് ചിറയത്തും ചേർന്ന് നയിച്ച ഏകദിന സെമിനാർ ഒരു വൻവിജയമായിരുന്നു.

## പുതുവത്സരത്തിന്:

കുറെയേറെ പ്രത്യേകതകളുമായി ഒരു വർഷം കടന്നുപോയി. ഒരുപാട് പ്രശ്നങ്ങളുമായി, മറെറാരു വർഷം കടന്നുവരുന്നു. ഈ അവസരത്തിൽ സമൂഹ്യപുരോഗതിയിൽ ഗണ്യമായ പങ്കുവഹിക്കുന്ന വിദ്യാർത്ഥി സമൂഹത്തിന് അതിൻെറ ഭാഗമായിരിക്കുന്ന ക്രൈസ്ററ് കോളേജിലെ വിദ്യാർത്ഥികളോട് ജീവിതത്തിനൊരു ലക്ഷ്യവുമായി സമൂഹത്തോടുള്ള അർപ്പണബോധത്തോടെ ജീവിക്കാൻ ഫാ.

ജോസ് പന്തല്ലൂക്കാരൻ ആഘോഷം ചെയ്തു. തുടർന്ന് ക്രൈസ്റ്റ് കോളേജ് ടീം അവതരിപ്പിച്ച ഗാനമേളയും ഉണ്ടായിരുന്നു.

**ഐക്കഫ്, സോൺ – റീജിയൺ**

സംസ്ഥാന തലത്തിൽ സംഘടിപ്പിച്ചു എല്ലാം പരിപാടിയിലും യൂണിററ് പരിപൂർണ്ണ സഹകരണം നൽകിയിരുന്നു. സോണൽ തലത്തിൽ സംഘടിപ്പിച്ച ഹിപ്നോരമയും പെററിലപ്പാറ ക്യാമ്പും സംസ്ഥാനതലത്തിൽ അട്ടപ്പാടിയിൽ വച്ച് സംഘടിപ്പിച്ചു എക്സപ്പോഷർ ക്യാമ്പും ഇവയിൽ എടുത്തു പറയാവുന്നതാണ്.

**അഭിനന്ദനങ്ങൾ:–**

ഐക്കഫ് തൃശൂർ റീജിയണൽ പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെട്ട സെബി ജോസഫിനും ഇരിഞ്ഞാലക്കുട സോണൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ബിജു ജോസഫിനും അഭിനന്ദനങ്ങൾ.

വഴിയറിയാതെ കനത്ത കാൽവയ്പുകളുമായി നിസ്സംഗതയോടെ നടന്നു നീങ്ങുന്ന വിദ്യാർത്ഥികളുടെ, യുവത്വത്തിൻെറ മുൻപിൽ ഒരു തിരി കൊളുത്തിവയ്ക്കാൻ, വഴി വെട്ടിതുറക്കാൻ ഒരുവർഷം കൊണ്ട് കഴിഞ്ഞു എന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. പക്ഷെ, ഒരു ചെറിയ തുടക്കം, ഒരു അനക്കം, ഞങ്ങൾ ഞങ്ങളാണെന്ന ബോധം അത്രയ്ക്കെങ്കിലും നേടാൻ കഴിഞ്ഞിട്ടുണ്ടെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

**നന്ദിയുടെ വാക്കുകൾ:**

ഓരോ പ്രവർത്തനത്തിൻെറയും ഓരോ ഘട്ടത്തിലും സഹായിച്ചവരോട് നന്ദി പറയേണ്ടതായിട്ടുണ്ട്. എങ്കിലും ഉള്ളിൽ നിറയുന്ന നന്ദി പുരുട്ടിയ വാക്കുകളിലേക്ക് ഒതുക്കട്ടെ, മാനേജ്മെൻറിനോട്, ബഹുമാനപ്പെട്ട പ്രിൻസിപ്പാളച്ചനോട് അദ്ധ്യാപകരോട്, അനദ്ധ്യാപകരോട്, കുരിശേരി അച്ചനോട് പിന്നെ യൂണിററിൻെറ എല്ലാമായ കുററികാടനച്ചനോട്, കോളേജിലെ ഓരോ വിദ്യാർത്ഥിയോട് അവസാനമായി നിങ്ങളോട് ഹൃദയം നിറഞ്ഞ നന്ദി. റിപ്പോർട്ട് ചുരുക്കട്ടെ

എന്ന്.

**സജയൻ ജോസഫ്**
സെക്രട്ടറി

O

Statement of ownership and particular about the publication, form IV see rule 8 Christ College Students Magazine.

| | | |
|---|---|---|
| Place of Publication | : | Irinjalakuda |
| Periodicity of publication | : | Annual |
| Printers Name | : | A. K. Nichalavose |
| Nationality | : | Indian |
| Address | : | Arakkal Thanadan House<br>Christ Nagar Irinjalakuda<br>680 125 |
| Publishers Name | : | |
| Nationality | : | Indian |
| Address | : | A. K. Nichalavose,<br>Arakakl Thanadan House<br>Christ Nagar Irinjalakuda 680 125 |
| Editor's Name | : | Aby Paul Pullen<br>Pullen House<br>Muringoor, Chalakudy |
| Nationality | : | Indian |
| Owners Name | : | Christ College Irinjalakuda |

I, Nichalavose A. K., here by declare that the particulars given are pure to the best of my knowledge and belief

Sd/-

A. K. NICHALAVOSE

Publisher

Highlight

SALOON & GENTS BEAUTY PARLOUR

CATHEDRAL SHOPPING COMPLEX

TANA, IRINJALAKUDA

Phone: P. P. 3152

# നാഷണൽ സർവ്വീസ് സ്കീം റിപ്പോർട്ട് 1990 - '91

ഗ്രാമപുനരുദ്ധാരണത്തിന് യുവാക്കളെ സജ്ജരാക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് വിദ്യാർത്ഥികൾക്കിടയിൽ സാമൂഹ്യബോധവും സേവന മനോഭാവവും വളർത്തിയെടുക്കുന്നതിൽ കോളേജിലെ നാഷണൽ സർവ്വീസ് സ്കീം ആശാവഹമായ പുരോഗതി കൈവരിച്ചിട്ടുണ്ട്, പരിചയസമ്പന്നതയും നേതൃത്വ ഗുണങ്ങളും കൈമുതലായുള്ള ക്യാപ്റ്റൻ കെ. പി. ടെൽസൻെറയും കലാബോധവും കർമ്മകുശലതയും നിറഞ്ഞുനിന്നിരുന്ന വൈസ് ക്യാപ്റ്റൻ ബാബുരാജിൻെറയും നേതൃത്വത്തിൽ ഫലവത്തായ പ്രവർത്തനങ്ങൾ കാഴ്ചവച്ച ഒരു വർഷമായിരുന്നു 1990–91. പ്രോഗ്രാം ഓഫീസർമാരായ വി. ഒ. ഡേവീസ് സാറും ഫാ. ജോസ് ചുങ്കനും പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുകയും ക്രിയാത്മകതയിലേക്കും വളർച്ചയിലേയ്ക്കും ഞങ്ങളെ ആനയിക്കുകയും ചെയ്തു.

### കർമ്മവേദികൾ

കോളേജിന് ഒരു പുൽമൈതാനം ആവശ്യമാണ് എന്ന ഉദ്ദേശ്യത്തോടുകൂടി ജൂണിലും സെപ്തംബറിലും വളണ്ടിയർമാർ മൈതാനത്തിൽ പുല്ല് വച്ച് പിടിപ്പിക്കുകയുണ്ടായി.

### വനവൽക്കരണം

''വൃക്ഷങ്ങൾ നാടിൻെറ സമ്പത്ത്, ഒരു വിദ്യാർത്ഥിയ്ക്ക് ഒരു മരം'' എന്ന മുദ്രാവാക്യവുമായി അഞ്ചുവർഷം മുമ്പ് ആരംഭിച്ച വനവൽക്കരണ പരിപാടിയുടെ തുടർച്ചയായി കാമ്പസിനകത്ത് പുതിയ വൃക്ഷതൈകൾ വച്ചു പിടിപ്പിക്കുകയും വളർന്നുവരുന്നവയ്ക്ക് വളമിടുകയും ചെയ്തു.

### ഗാന്ധിജയന്തി

ഗാന്ധിജയന്തിദിനത്തിൽ എൻ. എസ്. എസ് വളണ്ടിയർമാർ ഇരിങ്ങാലക്കുട ചന്തയും താലൂക്ക് ആശുപത്രി വളപ്പും ശുചീകരിക്കുകയും ഉപയോഗപ്രദമാക്കുകയും ചെയ്തു ഇത് നഗരവാസികളെ ഞങ്ങളുടെ പ്രവർത്തനങ്ങളിലേയ്ക്ക് കൂടുതൽ സഹകരിക്കാൻ പ്രേരിപ്പിച്ചു.

### കലാലയശുചീകരണം.

കലാലയപരിസരം ശുചീകരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഡിസംബറിൽ വളണ്ടി

യർമാർ, കോളേജ് മതിൽ വൃത്തിയാക്കി ചായം പൂശുകയും ചാലുകൾ കീറി വൃത്തിയാക്കുകയും ചെയ്തു. എൻ. എസ് എസ്സിൻെറ സാംഗത്യവും സന്ദർഭാനുസൃതം പ്രവർത്തിക്കാനുള്ള സന്നദ്ധതയും വിദ്യാർത്ഥികളും അദ്ധ്യാപകരും ഒരുപോലെ സ്തുതിച്ചു പറയുകയുണ്ടായി.

**സ്പെഷൽ ക്യാമ്പ്.**

"ഗ്രാമങ്ങളിലാണ് ഭാരതത്തിൻെറ ആത്മാവ് കുടികൊള്ളുന്നത്. രാഷ്ട്രത്തിൻെറ ആത്മാവ് കണ്ടെത്തണമെങ്കിൽ നിങ്ങൾ ഗ്രാമങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലുക" എന്ന രാഷ്ട്രപിതാവായ ഗാന്ധിജിയുടെ വാക്കുകളെ അനുസ്മരിച്ചു കൊണ്ടാണ് 1990 ഡിസംബർ 21-ാം തിയ്യതി മുതൽ 30-ാം തിയ്യതി വരെ ഈ വർഷത്തെ ദശദിനക്യാമ്പ് മുരിയാട് പഞ്ചായത്തിലെ ആനന്ദപുരം ഗ്രാമത്തിൽ സംഘടിപ്പിച്ചത്.

22-ാം തിയ്യതി മുരിയാട് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. പി, എൻ. ഔസേപ്പ്മാസ്ററർ ക്യാമ്പ് ഉൽഘാടനം ചെയ്ത് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ദിവസവും രാവിലെ ഏഴുമണി മുതൽ ഞങ്ങളേറെറടുത്ത റോഡുനിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നു

# N S S

ഗ്രാമീണർക്കുവേണ്ടി കലാകായിക മൽസരങ്ങൾ സംഘടിപ്പിക്കുവാനും ഞങ്ങൾക്ക് കഴിഞ്ഞു.

ക്യാമ്പംഗങ്ങൾക്കുവേണ്ടി "അനൗപചാരിക വിദ്യാഭ്യാസമെന്ത്? എന്തിന് ?" എന്ന വിഷയത്തെക്കുറിച്ച് 28-ാം തിയ്യതി കാൻഫെഡ് ജില്ലാ സെക്രട്ടറി ശ്രീ. സേതുമാധവൻ ക്ലാസെടുത്തു. ഇതിനകം ക്യാമ്പംഗങ്ങൾ സാക്ഷരതാ ക്ലാസുകൾ സന്ദർശിക്കുകയും കൊഴിഞ്ഞുപോയ നിരക്ഷരരെ തിരിച്ചു ക്ലാസിലേക്ക് കൊണ്ടുവരികയും ഇൻസ്ട്രക്ടർമാർക്കുവേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്തു. ഇത് ഗ്രാമത്തിലെ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് പുതിയ ജീവൻ നൽകാൻ സാധിച്ചു.

ക്യാമ്പ് സമാപനത്തോടെ നടന്ന ഗ്രാമോൽസവത്തിൽ വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ഗ്രാമവാസികളുടെയും ക്യാമ്പംഗങ്ങളുടെയും കലാപരിപാടികളും ഉണ്ടായിരുന്നു. 30-ാംതിയ്യതി ഞങ്ങളുടെ പത്തു ദിവസത്തെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും വരുന്ന വർഷത്തേക്ക് എൻ. എസ്. എസ്സിനെ നയിക്കാൻ ശ്രീ. വിനോദ് കെ. വി. (ക്യാപ്ററൻ) ശ്രീ. സുരേഷ് കെ. (വൈ. ക്യാപ്ററൻ) എന്നിവരെ തെരഞ്ഞെടുത്തു

**ജീവദാനം:**

ആസ്പത്രിയിലെത്തുന്ന പല രോഗികളും 'ടു ബി ഓർ നോട്ട് ടു ബി' എന്ന അത്യാസന്ന നിലയിലാണ്. അവർക്ക് രക്തം ജീവനാണ്, രക്ത ദാനം ജീവദാനമാണ്. ക്രൈസ്ററിലെ വളണ്ടിയേഴ്സ് പതിവായി ചെയ്തുവരുന്ന ഒരു സേവനമാണ് ജീവൻ മരണപോരാട്ടത്തിലകപ്പെടുന്നവർക്ക് രക്തം നൽകുകയെന്നത്. ഈ വർഷവും നൂറിലധികം രോഗികൾക്ക് രക്തം നൽകി ജീവൻ നിലനിർത്താൻ കഴിഞ്ഞു. സുവോളജി ഡിപ്പാർട്ട്മെൻറിൻെറ സഹകരണത്തോടെ നൂറോളം പേരുടെ

ബ്ലഡ് ഗ്രൂപ്പ് നിശ്ചയിക്കാനും കഴിഞ്ഞു.

### വളർച്ച ക്യാമ്പുകളിലൂടെ

വളരുന്നതിനും വളർത്തുന്നതിനുമായി കലാലയതലത്തിലും സർവ്വകലാശാലാതലത്തിലും അന്തർസർവകലാശാലാതലത്തിലും സംഘടിപ്പിക്കപ്പെട്ട വിവിധ ക്യാമ്പുകളിൽ ഞങ്ങളുടെ പ്രതിനിധികൾ പ്രശംസാർഹമായ വിധത്തിൽ പങ്കെടുക്കുകയുണ്ടായി.

നാട്ടിക എസ്. എൻ. കോളേജിൽ നടന്ന ജില്ലാതല നേതൃത്വ പരിശീലന ക്യാമ്പിൽ രണ്ടുവളണ്ടിയർമാർ പങ്കെടുത്തു. ഈ ക്യാമ്പിലെ ബെസ്റ്റ് ക്യാമ്പറായി ശ്രീ. വിനോദ്. കെ. വി തിരഞ്ഞെടുക്കപ്പെട്ടു.

### യൂണി. തല ക്യാമ്പ്

കോഴിക്കോട് സർവകലായുടെ ആഭിമുഖ്യത്തിൽ ഗുരുവായൂർ ശ്രീകൃഷ്ണാ കോളേജിൽ നടന്ന ദേശീയോദ്ഗ്രഥന ക്യാമ്പിൽ സർവകലാശാലയെ പ്രതിനധീകരിച്ച് ഞങ്ങൾ പത്ത് എൻ. എസ്. എസ്. വളണ്ടിയർമാർ പങ്കെടുത്തു. ഉദ്ഘാടന സമ്മേളനത്തിന് പ്രോഗ്രാം ഓഫീസർ ഫാ. ജോസ് ചുങ്കന്റെ നേതൃത്വത്തിൽ 35

# N S S

വളണ്ടിയർമാർ സാക്ഷ്യം വഹിച്ചു. ട്രോയിങ്ങിൽ ശ്രീ, വിനോദ് കെ. വി. ഒന്നാം സ്ഥാനം കരസ്ഥമാക്കുകയുണ്ടായി.

### ദേശീയ ക്യാമ്പ്

ബീഹാറിൽ വച്ചു നടന്ന ദേശീയോദ്ഗ്രഥന ക്യാമ്പിൽ പങ്കെടുക്കാൻകോഴിക്കോട്സർവകലാശാലയെ പ്രതിനിധീകരിച്ച പതിനഞ്ചംഗ സംഘത്തിൽ ക്രൈസ്റ്റ് യൂണിററിൽ നിന്ന് ക്യാപ്ററൻ ശ്രീ ടെൽസൻ പങ്കെടുത്തു.

കോഴിക്കോട് സർവ്വകലാശാലയിലെ എൻ. എസ്. എസ്. വളണ്ടിയർമാർക്കുവേണ്ടിനടന്ന ത്രിദിന നേതൃത്വ പരിശീലന ക്യാമ്പിൽ കോളേജ് യൂണിററിനെ പ്രതിനിധീകരിച്ച് രണ്ട് വളണ്ടിയർമാർ പങ്കെടുത്തു.

### വിലയിരുത്തൽ

1991 ഫെബ്രുവരി 15–ാം തിയ്യതി എല്ലാ വളണ്ടിയർമാരും ഒത്തുകൂടി കഴിഞ്ഞ പ്രവർത്തനങ്ങളെ വിലയിരുത്തി· ഇതിനകം ഏതു തൊഴിലും മഹത്തരമാണെന്ന ഉന്നതചിന്തയുമായി ദേശസേവനത്തിന്റെ പാതയിൽ ഞങ്ങളെ സമർപ്പിച്ചു കഴിഞ്ഞിരുന്നു.

### മതസൗഹാർദ്ദം

വിദ്യാർത്ഥികൾക്കിടയിൽ സാമൂഹ്യബോധവും മതസൗഹാർദ്ദവും വളർത്തുക എന്ന ലക്ഷ്യത്തോടുകൂടി നവംബർ 23, 24, 25 എന്നീ ദിവസങ്ങളിൽ എൻ. എസ്. എസ്, വളണ്ടിയർമാർക്കുവേണ്ടി ഒരു ജില്ലാതല നേതൃത്വ പരിശീലന ക്യാമ്പ് കോളേജിൽ സംഘടിപ്പിക്കുകയുണ്ടായി. 23–ാം തിയ്യതി കോളേജ് ഓഡിറേറാറിയത്തിൽ വച്ച് കോളേജ് വൈസ് പ്രിൻസിപ്പാൾ റവ: ഫാ. തോമസ് ആച്ചാണ്ടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഇരിങ്ങാ

ലക്കുട മുൻസിപ്പൽ ചെയർമാൻ അഡ്വ. ടി. ജെ. തോമസ് ക്യമ്പ് ഉദ്ഘാടനം ചെയ്തു. ജില്ലയിലെ വിവിധ കോളേജുകളിൽ നിന്ന് എഴുപതോളം വളണ്ടിയർമാർ പങ്കെടുത്ത ക്യാമ്പിൽ വിവിധ വിഷയങ്ങളെകുറിച്ച് സാമൂഹിക. സാംസ്കാരിക മത നായകൻമാർ ക്ലാസ്സെടുക്കുകയുണ്ടായി. 25-ാംതിയ്യതി വൈകിട്ട് നടന്ന സമാപന സമ്മേളനത്തിൽ ബഹു: കേരളഭവന നിർമ്മാണ വകുപ്പ്മന്ത്രി ലോനപ്പൻ നമ്പാടൻ മുഖ്യ അതിഥിയായിരുന്നു.

**എൻ. എസ്. എസ്സിൻെറ ലക്ഷ്യം:**

പ്രസക്തി, പ്രവർത്തന ശൈലി എന്നിവയെ കുറിച്ച് ഒക്ടോബർ 1-ാംനു കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് പ്രൊഫ. കെ. ജെ. ജോസഫ്, കെ. എ. ഡേവിസ്, ഫാ. ജോസ് ചുങ്കൻ എന്നിവർ ക്ലാസ്സെടുത്തു. എൻ. എസ്. എസ്. വളണ്ടിയർമാർ ഉൾപ്പെ ധാരാളം വിദ്യാർത്ഥികൾ സന്നിഹിതരായിരുന്നു.

**വളർച്ച കലകളിലൂടെ:**

വളണ്ടിയർമാരുടെ കലാവാസനകളെ പരിപോഷിപ്പിക്കുന്നതിന് ധാരാളം വേദികൾ ലഭിച്ചിട്ടുണ്ട്. വിവിധ കലകളിൽ പരിചയമുള്ള എൻ. എസ്. എസ്. വളണ്ടിയർമാർക്കു വേണ്ടി മഹാത്മാഗാന്ധി സർവ്വകലാശാല സംഘടിപ്പിച്ച ദേശീയ ക്യാമ്പിൽ 2 വളണ്ടിയർമാർ പങ്കെടുത്തു. കോളേജിലെ യൂണിററിനെ പ്രതിനിധീകരിച്ച് ജെയ്സൺ, സുധാകരൻ എന്നീ വളണ്ടിയർമാർ പങ്കെടുത്തു.

**കരോൾ മത്സരം**

കോളേജിൽ യൂണിയൻ സംഘടിപ്പിച്ച കരോൾ മൽസരത്തിൽ എൻ. എസ്. എസ്. യൂണിററ് പങ്കെടുക്കുകയും ഒന്നാം സമ്മാനത്തിന് അർഹമാവുകയും ചെയ്തു. കരോൾ പരിപാടിയെ കൂടുതൽ വിജയകരമാക്കുന്നതിൽ എൻ. എസ്. എസ്. നിർണ്ണായക പങ്കുവഹിച്ചിരുന്നു.

**ഉപസംഹാരം:**

പ്രവർത്തന സമ്പന്നമായ ഒരു വർഷത്തിൻെറ ധന്യത ഞങ്ങളെ പുളകം കൊള്ളിക്കുന്നു. കൊടുക്കുന്നതിലാണ് നേട്ടമെന്ന് പ്രായോഗികമായി ഞങ്ങൾ മനസ്സിലാക്കി കഴിഞ്ഞു. ഭാരതത്തിൻെറകർമ്മധീരരായ പുത്രരാകുവാൻ വിദ്യയും സേവനവും ഞങ്ങൾക്ക് വലിയ പിൻബലങ്ങളാകും.

O

NSS

# ജൂനിയർ ഹോസ്റ്റൽ റിപ്പോർട്ട് 1990 - '91

